VOL NO: 04 | ISSUE 23
www.nerpatham.com
mail@nerpatham.com

# നേർപഥം

2020 JUNE 06 | ₹12

വാരിക

# അഞ്ചൽ കൊലപാതകവും ചില തിരിച്ചറിവുകളും

ഭർതൃപീഡനവും കൊലപാതകവും പുതുമയുള്ള വാർത്തയല്ല കേരളത്തിൽ. എന്നാൽ ക്രൂരത കൊണ്ടും ആസൂത്രണ മികവ് കൊണ്ടും ഏറെ വ്യതിരിക്തമായിരുന്നു മൂർഖൻ പാമ്പിനെ ഉപയോഗിച്ച് അഞ്ചലിൽ നടത്തിയ നരഹത്യ. വിൽപനച്ചരക്കായി മാറുന്ന വിവാഹത്തെയും കമ്പോള വൽക്കരിക്കപ്പെടുന്ന കുടുംബജീവിതത്തെയും മാറ്റി നിർത്തി ഉത്രയുടെ കൊലപാതകത്തെ ചർച്ച ചെയ്യുക സാധ്യമല്ല തന്നെ!



**ജനിതക പഠനത്തിലൂടെ ജഗന്നാഥനിലേക്ക്**
**ഉത്രയുടെ മരണവും ഉത്തരം കണ്ടെത്തേണ്ട ചില ചോദ്യങ്ങളും**
**മാർക്സിന്റെ കറുപ്പും മതംമാറുന്ന സൈദ്ധാന്തിക വിശദീകരണങ്ങളും**

## ചിതലെടുക്കുന്ന പ്രവാസപ്പെരുമ

ഒരുകാലത്ത് എവിടെയും പ്രവാസി പെരുമയുടെ പെരുമ്പറയായിരുന്നു. അശനിപാതം പോലെ വന്നെത്തിയ കൊറോണ വൈറസ് പ്രവാസീ ജീവിതത്തിന്റെ നട്ടെല്ലൊടിച്ചിരിക്കുകയാണ്. ഗവൺമെന്റ് തലത്തിലുള്ള ശ്രദ്ധക്കുറവ് പ്രവാസികളെയും ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. സത്വര നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാവേണ്ടത്.

# രജിസ്ട്രേഷൻ പുനരാരംഭിച്ചു

جامعة الهند الإسلامية

School Of Qur'an

"നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി"

# സ്കൂൾ ഓഫ് ഖുർആൻ



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്‌വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

നേർപഥം
വാരിക
നേർപഥം വാരിക / 0177 / 2020 ജൂൺ 06 / 1441 ശവ്വാൽ 14 / പുസ്തകം 04 / ലക്കം 23



# അഞ്ചൽ കൊലപാതകവും ചില തിരിച്ചറിവുകളും

നബീൽ പയ്യോളി / 10

**മുഖമൊഴി**

ഉത്രയുടെ മരണവും
ഉത്തരം കണ്ടെത്തേണ്ട
ചില ചോദ്യങ്ങളും / 05

**ക്വുർആൻ ദർശനം**

തഗാബുൻ
(നഷ്ടം വെളിപ്പെടൽ) / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

**നമുക്ക് ചുറ്റും**

ചിതലെടുക്കുന്ന പ്രവാസപ്പെരുമ / 34
പി.എൻ. അബ്ദുല്ലത്വീഫ് മദനി

**ലേഖനം**

ഈ നന്മ നിലനിർത്താം / 6
അബൂമുസ്‌ലിം അൽഹികമി

മാർക്സിന്റെ കറുപ്പും
മതംമാറുന്ന സൈദ്ധാന്തിക വിശദീകരണങ്ങളും / 16
അഫ്താബ് കണ്ണഞ്ചേരി

ജനിതക പഠനത്തിലൂടെ ജഗന്നാഥനിലേക്ക് / 19
സി.വി കോഴിക്കോട്

വിട്ടുവീഴ്ചയും ധീരതയും / 22
അബ്ദുൽ ജബ്ബാർ മദീനി

ശുക്റിന്റെ സുജൂദ് / 26
നൂറുദ്ദീൻ സ്വലാഹി

എല്ലാം അറിയുന്നവനും അൽപം മാത്രം അറിയുന്നവരും / 28
മുനവ്വർ ഫൈറൂസ്

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാഗസിൻ ഓൺലൈനായി മാത്രം പുറത്തിറക്കുകയാണ്. വായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




### വിഷസർപ്പം; പോലീസിന്റെ അന്വേഷണ മികവ് ആശ്വാസമാവട്ടെ

വിലക്കെടുത്ത വിഷസർപ്പം കൊലയാളിയായത് കാതുമുളച്ചിട്ട് കേൾക്കാത്തതാണ്. ലോക മനഃസാക്ഷിയെ ഞെട്ടിച്ച കൊലയിലും കൊലയാളികളിലും സൂരജ് ഇടംപിടിച്ചു കഴിഞ്ഞു. കാരണം പാളിപ്പോയ ആസൂത്രണ മികവ് അത്രമേൽ ചിന്തനീയമാണ്. ഭാര്യയേയും കുട്ടികളേയും സ്കൂട്ടർ അടക്കം വെള്ളത്തിലേക്ക് തള്ളിയിട്ട എടവണ്ണപ്പാറക്കാരൻ കുടുംബനാഥനും കുത്തിയൊലിക്കുന്ന ആനക്കയം പുഴയിലേക്ക് എടുത്തെറിയപ്പെട്ട കുട്ടിയുടെ പിതൃസഹോദരനും വർഷങ്ങൾ കാത്തുനിന്ന് കുടുംബകണ്ണികളെ ഇല്ലായ്മ ചെയ്ത കൂടത്തായിയിലെ 'ജോളിക്കും' ശേഷം അലമാരയുടെ അടിയിലകപ്പെട്ട പാമ്പിനെ കാത്തും സഹധർമിണിയുടെ മരണമണി മുഴക്കത്തിനായ് കാതോർത്തും ഉറക്കമിളച്ച് പ്രഭാതം പ്രതീക്ഷിച്ചിരുന്ന കൊല്ലം ജില്ലക്കാരൻ സൂരജും തുല്യതയില്ലാത്ത ക്രൂരതയുടെ ചരിത്രത്തിൽ ഇടംപിടിക്കുകയാണ്. കൂടെപ്പിറപ്പുകളെ ശവപ്പറമ്പിന്റെ മൂകതയിലേക്ക് യാത്രയാക്കാൻ അത്രമേൽ 'കഷ്ടപ്പെട്ടിട്ടുണ്ടവർ'. അതിനാൽ ഇവരെ ലോക ഹൃദയത്തിൽ നിന്ന് ഒരു മറവിക്കും ഏത് കാലപ്പഴക്കത്തിനും മാറ്റാനാകില്ല. കാരണം എല്ലാറ്റിലും വിനയായത് കൊല്ലപ്പെട്ടവരുടെ ഹൃദയത്തിൽ കൊലയാളികളോടുള്ള വിലയേറിയ ചില അക്ഷരങ്ങളാണ്. സ്നേഹം, വിശ്വാസം, ആർദ്രത, തണൽ തുടങ്ങിയ അനിർവചനീയമായ ആ സത്യങ്ങളിലാണ് ഈ കൊലയാളികളെല്ലാം മായം കലർത്തിയത്.

മിഠായി വാങ്ങിത്തന്ന കൈകൾ തന്നെ രക്ഷിക്കുമെന്ന് ആനക്കയം പുഴയുടെ ആഴങ്ങളിൽ മരണത്തോട് മല്ലടിക്കുമ്പോൾ ആ കുട്ടി വിശ്വസിച്ചിരിക്കില്ലേ!

അത്യാവശ്യങ്ങളിൽ അത്താണിയാണ് പിതാവെന്ന് അരീക്കോട്ടെ കുടുംബം വെള്ളക്കുഴിയിൽ വീഴുമ്പോഴും വിശ്വസിക്കുന്നതിൽ എന്താണ് തെറ്റ്?

സ്വന്തം മകന്റെ സ്വപ്നങ്ങൾക്ക് കൂട്ടായി ഒരുവളെ കണ്ടെത്തി കൂടെ കൂട്ടുമ്പോൾ അവളെ നൂറ് ശതമാനം വിശ്വസിക്കുന്നതിൽ ആ കുടുംബത്തെ എന്തിന് പഴിക്കണം? അവൾ പാകം ചെയ്യുന്ന ഭക്ഷണം സംതൃപ്തിയോടെ എന്തിനു ഭക്ഷിക്കാതിരിക്കണം? പക്ഷേ, എല്ലാം തെറ്റിച്ചു കളഞ്ഞല്ലോ ആ കരുണ വറ്റിയ മനുഷ്യക്കോലങ്ങൾ!

സൂരജേ, ഓമനിച്ച പെൺകുഞ്ഞിനെ വിശ്വാസപൂർവം കൈകളിലേക്ക് ബലിഷ്ഠമായ കരാറോടെ നൽകുമ്പോൾ കാവലേകുമെന്ന് എല്ലാ മാതൃഹൃദയവും സ്വപ്നം കാണുന്നുണ്ട്. അതുകൊണ്ടാണല്ലോ വിഭവ സമൃദ്ധമായ ഭക്ഷണവും അളവറ്റ സ്നേഹവാത്സല്യവും നൽകി വീട്ടിലേക്ക് എന്നും നിന്നെ സൽക്കരിക്കാറുള്ള ഭാര്യാമാതാവ് കഴിഞ്ഞ ദിവസം കൈവിലങ്ങുമായി മുന്നിലെത്തിയപ്പോൾ നിനക്കു നേരെ ആക്രോശിക്കാനും സങ്കടപ്പെടാനുമുള്ള കാരണം. ആ മാതൃഹൃദയത്തോടൊപ്പം മുഴുവൻ മനുഷ്യരും നിന്റെ ചെയ്തിയിൽ അതീവ ദുഃഖിതരും രോക്ഷാകുലരുമാണ്.

കൊലയുടെ കാട്ടാള ഡിക്ഷ്ണറിയിലേക്കും പോലീസിന്റെ കുറ്റാന്വേഷണ ചരിത്രത്തിലേക്കും പുതു അധ്യായം നൽകിയ നിന്നോട് ഇനി സമൂഹത്തിനുള്ള കടപ്പാട് പരമാവധി ശിക്ഷ വാങ്ങിച്ചു നൽകുക എന്നതാണ്. അതിനായി പ്രാർഥിക്കുന്നു.

മുകളിൽ സൂചിപ്പിച്ച എല്ലാ കേസുകളിലും പോലീസിന്റെ അന്വേഷണ മികവ് അഭിനന്ദനാർഹമാണ്. പഴുതടച്ച അന്വേഷണപാടവം കൈമുതലാക്കിയ നിയമപാലകർക്ക് അർഹിച്ച അംഗീകാരം തന്നെ ആ കാലങ്ങളിൽ കിട്ടിയിട്ടുമുണ്ട്. ഇതിലും അത് കിട്ടേണ്ടതുണ്ട്.

വിലക്കെടുത്ത സർപ്പം നടത്തിയ കൊലയിലും വരും നാളുകളിൽ കൂടുതൽ വഴിത്തിരിവ് ഉണ്ടായേക്കാം. ഒളിച്ചിരിക്കുന്ന ഏതെങ്കിലും 'മൂർഖൻ തുണകളുണ്ടെങ്കിൽ'.

എല്ലാറ്റിനെയും നിയമത്തിനു മുന്നിൽ ഹാജരാക്കാൻ കഴിയട്ടെ. അതെ, വേദനിക്കുന്ന ഹൃദയങ്ങൾക്ക് പോലീസിന്റെ അന്വേഷണ മികവ് ആശ്വാസമാവട്ടെ. അതുവഴി ബഹുമാന്യ കോടതിയുടെ ഇടപെടലും.

**-മുസ്‌ലിം ബിൻ ഹൈദർ**

## ഉത്രയുടെ മരണവും ഉത്തരം കണ്ടെത്തേണ്ട ചില ചോദ്യങ്ങളും

ഉത്ര എന്ന യുവതി പാമ്പുകടിയേറ്റ് മരണപ്പെട്ടു. ഭർത്താവ് പാമ്പിനെക്കൊണ്ട് കടിപ്പിച്ചു കൊന്നതാണെന്ന് യുവതിയുടെ വീട്ടുകാർ. അല്ലെന്ന് ഭർത്താവിന്റെ അമ്മ. താനാണ് മരണത്തിന്റെ ഉത്തരവാദിയെന്ന് ഭർത്താവിന്റെ കുറ്റസമ്മതവും പൊട്ടിക്കരച്ചിലും. പിന്നെ പൊലീസ് മർദിച്ച് കുറ്റം സമ്മതിപ്പിച്ചതാണെന്ന് മാറ്റിപ്പറയലും. അയാൾ പ്രതിയാണോ അല്ലേ എന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ പൊലീസ് കണ്ടെത്തട്ടെ. അതിന്റെയൊരു മറുവശത്തെക്കുറിച്ചാണ് പറയാൻ പോകുന്നത്.

സ്ത്രീധനമായി 98 പവനും 5 ലക്ഷവും ഒരു കാറും ഉത്രയുടെ അച്ഛൻ മരുമകന് നൽകിയിരുന്നു എന്നും അതിന് പുറമെ എല്ലാ മാസവും 8000 രൂപ വീതവും നൽകിയിരുന്നു എന്നുമാണ് മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞത്. സമ്പന്നനായ പിതാവ് അതേ നിലവാരമുള്ളയാൾക്കാണ് പൊതുവെ മകളെ വിവാഹം ചെയ്തുകൊടുക്കാറുള്ളത്. നൂറ് പവൻ സ്വർണമല്ല അതിലേറെയും പുറമെ ലക്ഷങ്ങളുമൊക്കെ കൊടുക്കുന്നവരുണ്ട്. ഉത്രയുടെ പിതാവ് സമ്പന്നനല്ലാത്ത; ഒരു സാധാരണക്കാരന് ഇത്രയും കനമുള്ളസ്ത്രീധനം നൽകി മകളെ വിവാഹം ചെയ്തുകൊടുത്തത് എന്തുകൊണ്ടാണ്?

യുവതി എല്ലാ കാര്യങ്ങളിലും അൽപം മന്ദഗതിയുള്ളവളായിരുന്നുവത്രെ. അങ്ങനെയുള്ള ഒരു പെൺകുട്ടിയെ സാധാരണ ഗതിയിൽ ആരും വിവാഹം കഴിക്കാൻ തയ്യാറാകില്ല. അതിനാൽ അവളുടെ അച്ഛൻ അവളെ കെട്ടാൻ സമ്മതമുള്ളവർക്ക് മുമ്പിൽ വമ്പൻ ഓഫർ നിരത്തിവച്ചു. അയാളുടെ ചിന്ത മകളെ ഒരാളുടെ കയ്യിൽ ഏൽപിച്ച് ബാധ്യത നിർവഹിക്കുക എന്ന് മാത്രമായിരുന്നു. ഏതൊരു പിതാവിന്റെയും മനസ്സിലെ ആഗ്രഹമായിരിക്കും എത്ര ന്യൂനതകളുണ്ടെങ്കിലും തന്റെ മകൾക്ക് ഒരു ഇണയെ കണ്ടെത്തുക എന്നത്. സമ്പത്ത് മോഹിച്ച് മാത്രം കെട്ടാൻ പോകുന്നവനെ എങ്ങനെ വിശ്വസിക്കും എന്ന് ചിന്തിക്കാൻ അയാളിലെ പിതാവിന് കഴിഞ്ഞില്ല. എല്ലാം തിരിച്ചറിഞ്ഞത് മകളുടെ മരണത്തിന് ശേഷവും. എങ്ങനെയെങ്കിലും ആരെയെങ്കിലും കണ്ടെത്തി പെൺകുട്ടികളെ കെട്ടിച്ചയച്ച് സ്വസ്ഥമായി ഇരിക്കാം എന്ന് ചിന്തിക്കുന്ന ഓരോ രക്ഷിതാവും പെൺകുട്ടികളെ അപകടത്തിലേക്കാണ് തള്ളിവിടുന്നത്. വികൃതിയായ കുട്ടിയെ വീട്ടിലെ ശല്യമൊഴിവാക്കാൻ അംഗൻവാടിയിലേക്ക് പറഞ്ഞയക്കുന്ന രക്ഷിതാക്കളെ പോലെ ലാഘവ മനഃസ്ഥിതിയോടെ പെൺകുട്ടികളെ ആരെയെങ്കിലും ഏൽപിച്ച് ശല്യം ഒഴിവാക്കാം എന്ന് ചിന്തിക്കുന്നവരെക്കുറിച്ച് എന്തു പറയാനാണ്!

മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾ സമൂഹത്തിനു മുന്നിൽ ഒരു ചോദ്യചിഹ്നമാണ്. നല്ല മനസ്സോടെ അത്തരക്കാരെ വിവാഹം ചെയ്യുന്ന അപൂർവം ചിലർ സമൂഹത്തിലുണ്ട്. അങ്ങനെയുള്ള യുവാക്കളെ വിവാഹം ചെയ്യാൻ സന്നദ്ധതയുള്ള യുവതികളും ചിലപ്പോൾ വാർത്തകളിൽഇടംപിടിക്കാറുണ്ട്. അതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രം.

ദാമ്പത്യജീവിതം അസാധ്യമായ രൂപത്തിൽ ശാരീരിക, മാനസിക പ്രശ്നങ്ങളുള്ളവരും, പ്രശ്നങ്ങളുണ്ടെങ്കിലും ദാമ്പത്യജീവിതം സാധ്യമാകുന്നവരും സമൂഹത്തിലുണ്ട്. അവരിൽ സ്ത്രീകളും പുരുഷന്മാരുമുണ്ട്. അവരുടെ അവസ്ഥകൾ കണ്ടറിഞ്ഞാകണം വിവാഹ ജീവിതത്തിലേക്ക് അവരെ നയിക്കുന്നത്. സമ്പത്തിനു വേണ്ടി മാത്രം അത്തരക്കാരെ വിവാഹം ചെയ്യാൻ വരുന്നവരെ സൂക്ഷിക്കേണ്ടതുണ്ട്. ഉത്രമാർ ആവർത്തിക്കാതിരിക്കാൻ രക്ഷിതാക്കൾ മാത്രമല്ല സമൂഹം തന്നെ ജാഗ്രത പാലിക്കേണ്ടതുണ്ട്.

അബൂമുസ്‌ലിം അൽഹികമി
safeerac@gmail.com



# ഈ നന്മ നിലനിർത്താം

പകിട്ടുകളില്ലാതെയാണ് ഇത്തവണ റമദാൻ നമ്മിലേക്ക് കടന്നുവന്നത്, അതേ രൂപത്തിൽ മടങ്ങിപ്പോവുകയും ചെയ്തു. എന്നാൽ വിശ്വാസിക്ക് ഈ റമദാനിലും പതിവുപോലെ പലതും നേടാനുണ്ടായിരുന്നു. ദൈവസ്മരണകളാൽ അലംകൃതമാകേണ്ട ആരാധനാലയങ്ങൾ അടഞ്ഞുകിടന്നതും സജീവ രാവുകളിലെ ഇഅ്തികാഫ് മുടങ്ങിയതും നമ്മുടെ മനസ്സിൽ നീറുന്ന നോവുകളായി അവശേഷിക്കുന്നുണ്ട്. എങ്കിലും ഈ സമയവും നഷ്ടം ഭവിക്കാത്ത നന്മയുടെ കൃഷിയിറക്കുന്ന തിരക്കിലായിരുന്നു വിശ്വാസികൾ, മരണാനന്തര ലോകത്ത് വിളവെടുക്കാനുതകുന്ന കൃഷി. വീടകങ്ങളെ പള്ളികളാക്കി മാറ്റി അല്ലാഹുവിലേക്കടുക്കാൻ അവൻ ഏറെ ബദ്ധശ്രദ്ധനായിരുന്നു. പുണ്യങ്ങളുടെ ഈ വസന്തത്തിൽ നേടിയെടുത്ത ആത്മീയ സുഗന്ധങ്ങൾ നിലയ്ക്കാതെ സൂക്ഷിക്കാൻ നമുക്കാവണം.

പള്ളികളിൽ വെച്ച് മാത്രം നടത്തപ്പെട്ടിരുന്ന തറാവീഹുകൾ വീടകങ്ങളിലും സാധ്യമാകുമെന്ന് ലോക്ക്ഡൗൺ നമ്മെ ബോധ്യപ്പെടുത്തി. ഇനി റമദാനിൽ മാത്രമല്ല ഈ നമസ്കാരം എന്ന് മനസ്സിനെ ബോധ്യപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്. പ്രവാചകന്റെ രാത്രി നമസ്കാരത്തെ കുറിച്ച് പ്രിയ പത്നി ആഇശ؆ പറഞ്ഞ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്: 'റമദാനിലാകട്ടെ, അല്ലാത്തപ്പോഴാക്കട്ടെ നബിﷺ 11 റക്അത്തുകളിൽ ഏറെ നമസ്കരിക്കാറുണ്ടായിരുന്നില്ല' (ബുഖാരി).

പ്രവാചകൻﷺ രാത്രി നമസ്കരിച്ചിരുന്നത് റമദാനിൽ മാത്രമല്ലായിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തം. വിശ്വാസികൾക്ക് പ്രവാചകനെക്കാൾ വലിയ മാതൃക മറ്റാരാണ്?

ആ മഹോന്നതന്റെ ജീവിതം സ്വജീവിതത്തിൽ വരച്ചു പകർത്താൻ കഴിയുന്നവനാണ് യഥാർഥ വിജയി. പള്ളികളിൽ മാത്രമല്ല, സ്വഗേഹത്തിലും നമസ്കാരം യാഥാർഥ്യമാകുമെന്ന് ഈ പ്രത്യേക സന്ദർഭം നമ്മെ പഠിപ്പിക്കുമ്പോൾ, സാഹചര്യം മാറിയാലും അത് സാധ്യമാകുമെന്ന് ദൃഢനിശ്ചയമെടുക്കാനാവണം നാം ശ്രദ്ധിക്കേണ്ടത്. പ്രവാചകൻ ചെയ്ത പോലെ റമദാനേതര മാസങ്ങളിലും ഈ ശീലം നാം തുടരണം.

## ശ്രേഷ്ഠമായ സുന്നത്ത്

ഐച്ഛിക നമസ്കാരങ്ങളിൽ ഏറ്റവും ശ്രഷ്ഠമാണ് രാത്രി നമസ്കാരം. നബിﷺ പറഞ്ഞു: 'നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഏറ്റവും ഉത്തമമായത് രാത്രി നമസ്കാരമാണ്' (നസാഈ).

ഇശാഅ് നമസ്കാരത്തിനും സ്വുബ്ഹിക്കുമിടയിൽ നിർവഹിക്കുന്ന നമസ്കാരത്തിന് പൊതുവായി പറയുന്ന പേരാണ് ക്വിയാമുല്ലൈൽ അഥവാ രാത്രി നമസ്കാരം എന്നത്. ഒറ്റയാക്കി അവസാനിപ്പിക്കുന്നതിനാൽ 'വിത്ർ' എന്നും, ഉറങ്ങി എഴുന്നേറ്റ് നമസ്ക്കരിക്കുമ്പോൾ 'തഹജ്ജുദ്' എന്നും, റമദാനിൽ റക്അത്തുകൾക്കിടയിൽ വിശ്രമമെടുത്ത് നിർവഹിക്കുന്നതിനാൽ 'തറാവീഹ്' എന്നും, റമദാനിൽ രാത്രി നമസ്ക്കരിക്കുമ്പോൾ 'ക്വിയാമു റമദാൻ' എന്നുമെല്ലാം ഈ നമസ്കാരത്തിന് പേര് വിളിക്കുന്നു. വിഭിന്ന നാമങ്ങളിൽ അറിയപ്പെടുന്ന ഈ നമസ്കാരങ്ങളെല്ലാം ഒന്നാണ് എന്ന് സാരം.

ശ്രേഷ്ഠമായ ഈ ആരാധന നബിﷺ ഒരിക്കൽ പോലും മുടക്കിയിരുന്നില്ല എന്ന് പ്രവാചക ചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് ബോധ്യമാകും. ദിനേന നിന്ന് നമസ്ക്കരിച്ചതിനാൽ കാലിൽ നീര് വന്ന നബിയോട് 'മുഴുവൻ പാപങ്ങളും പൊറുത്തു നൽകപ്പെട്ട താങ്കൾക്ക് ഒന്ന് വിശ്രമിച്ചു കൂടെ' എന്ന് ഒരിക്കൽ ചോദിച്ച പത്നി ആഇശ؆യോട് പ്രവാചകന്റെ പ്രതിവചനം ഇപ്രകാരമായിരുന്നു: 'പാപങ്ങൾ പൊറുത്തു തന്ന റബ്ബിന്റെ നന്ദിയുള്ള അടിമയായി ഞാൻ മാറേണ്ടയോ?'

പ്രയാസങ്ങൾ ഉള്ള ഘട്ടത്തിൽ പോലും നബിﷺ ഈ ശീലം ഒഴിവാക്കിയിരുന്നില്ല എന്ന് ഈ സംഭവം നമുക്ക് മനസ്സിലാക്കിത്തരുന്നു. അനൽപമായ പ്രതിഫലം ലഭിക്കുമെന്ന ബോധ്യവും അതിലുപരി നമുക്കുള്ള മാതൃകയുമാണ് ഇത് നമുക്ക് നൽകുന്നത്.

## സ്വഹാബികൾ: മഹിത മാതൃക

പ്രവാചകൻﷺ മാത്രമല്ല, രാത്രി നമസ്കാരത്തിന്റെ ശ്രേഷ്ഠത മനസ്സിലാക്കിയ അവിടുത്തെ അനുചരന്മാരും ഇത് ദിനചര്യയാക്കിയവരായിരുന്നു. ഇക്കാര്യം അല്ലാഹു നബിﷺയെ അറിയിച്ചിട്ടുമുണ്ട്.

'നീയും നിന്റെ കൂടെയുള്ളവരിൽ ഒരു വിഭാഗവും രാത്രിയുടെ മിക്കവാറും മൂന്നിൽ രണ്ടു ഭാഗവും (ചിലപ്പോൾ) പകുതിയും (ചിലപ്പോൾ) മൂന്നിലൊന്നും നിന്നു നമസ്കരിക്കുന്നുണ്ട് എന്ന് തീർച്ചയായും നിന്റെ രക്ഷിതാവിന്നറിയാം" (ക്വുർആൻ 73:20).

രാത്രി നമസ്കാരം ശീലമാക്കാത്തവരെ നബിﷺ ഉപദേശിക്കുമായിരുന്നു. തന്റെ ചലനങ്ങൾ ഓരോന്നും അതുപോലെ പകർത്താറുള്ള ഇബ്നു ഉമർ؆ രാത്രി നമസ്ക്കരിക്കാറുണ്ടായിരുന്നില്ല എന്നറിഞ്ഞ പ്രവാചകൻﷺ പറഞ്ഞത് ഇപ്രകാരമായിരുന്നു: 'അബ്ദുല്ല എത്ര നല്ല മനുഷ്യനാണ്, അവൻ രാത്രി നമസ്ക്കരിച്ചിരുന്നെങ്കിൽ!' (ബുഖാരി, മുസ്‌ലിം).



നബിﷺയുടെ ഒരു ശീലം പോലും ഒഴിവാക്കാതെ പകർത്താൻ ശ്രമിച്ച വ്യക്തിയായിരുന്നു അബ്ദുല്ലാഹ് ഇബ്നു ഉമർؓ. പ്രവാചകൻ നിന്ന പോലെ നിൽക്കും, ഇരുന്ന പോലെ ഇരിക്കും, കുടിച്ച പാത്രത്തിൽ കുടിക്കും. ഈ രൂപത്തിൽ പ്രവാചകനെ അനുധാവനം ചെയ്തതിനാൽ 'മുത്തബിഉസ്സുന്ന' എന്നൊരു വിളിപ്പേര് തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെയുള്ള വ്യക്തിയോടാണ് നല്ല മനുഷ്യനാകാണമെങ്കിൽ രാത്രി നമസ്കരിക്കുക കൂടി വേണം എന്ന അർഥത്തിൽ പ്രവാചകൻﷺ പറഞ്ഞത്.

നബിﷺ ഈ ശീലമില്ലാത്തവരെയൊക്കെ ഉപദേശിക്കുന്നതോടൊപ്പം ഇത് പതിവാക്കിയവരെ മഹത്ത്വപ്പെടുത്തുകയും അവർക്കായി പ്രാർഥിക്കുകയും കൂടി ചെയ്തിട്ടുണ്ട്. ഇമാം ബുഖാരി(റഹി) ഉദ്ധരിച്ച ഒരു ഹദീഥിൽ ഇപ്രകാരം കാണാം:

രാത്രി നമസ്കരിക്കാൻ എഴുന്നേറ്റപ്പോൾ പള്ളിയിൽ നിന്നും ക്വുർആൻ ഓതി നമസ്കരിക്കുന്ന അബ്ബാദ് ഇബ്നു ബിശറിؓന്റെ ശബ്ദം കേട്ട നബിﷺ 'ആഇശാ, അത് അബ്ബാദിന്റെ ശബ്ദമല്ലേ' എന്ന് ചോദിച്ചു. 'അതെ' എന്ന് മറുപടി ലഭിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പ്രാർഥിച്ചു: 'അല്ലാഹു അബ്ബാദിന് കാരുണ്യം ചൊരിയട്ടെ.'

രാത്രി നമസ്കാരം ശീലമാക്കിയ ആ സ്വഹാബി ദാതുർരിക്വാഅ് യുദ്ധരാവിൽ നമസ്കരിച്ചുകൊണ്ടിരിക്കെ ശത്രുവിന്റെ അസ്ത്രം പതിച്ചാണ് മരണമടഞ്ഞത് എന്നത് ഏറെ അത്ഭുതമാണ്. യുദ്ധവേളയിൽ പോലും അവർ രാത്രി നമസ്കരിച്ചു എങ്കിൽ സമാധാന വേളയിൽ നമ്മളും ഇത് ശീലമാക്കേണ്ടതുണ്ട്. ഉമർؓ രാത്രി നമസ്കരിക്കാൻ കുടുംബത്തെ വിളിച്ചുണർത്താറുണ്ടായിരുന്നു എന്നും പ്രവചകാനുചരന്മാർ പരസ്പരം രാത്രി നമസ്കാരം ഉണർത്താറുണ്ടായിരുന്നു എന്നും ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയും.

**നമ്മുടെ മുൻഗാമികൾ**

സ്വഹാബികൾ കഴിഞ്ഞാൽ ഏതൊരു വിഷയത്തിലും നമുക്കേറ്റവും നല്ല മാതൃക താബിഉകളും അവരെ പിന്തുടർന്ന ആളുകളുമാണ്. മഹാന്മാരായ ഈ മുൻഗാമികളിലും ഈ വിഷയത്തിൽ നമുക്ക് മഹിതമായ മാതൃകയുണ്ട്.

മുഹമ്മദ് ഇബ്നു യൂസുഫ്(റഹി) പറഞ്ഞു: 'സുഫിയാനുസ്സൗരി(റഹി) എന്നും യുവാക്കളെ രാത്രി നമസ്കാരത്തിനായി വിളിച്ചുണർത്തിയ ശേഷം ഇങ്ങനെ പറയാറുണ്ടായിരുന്നു: 'യുവസമൂഹമേ, എഴുന്നേൽക്കൂ. യുവത്വത്തിൽ നിങ്ങൾ രാത്രി നമസ്കരിക്കൂ. ഇപ്പോൾ നമസ്കരിച്ചില്ലെങ്കിൽ പിന്നെപ്പോഴാണ് നിങ്ങൾക്കിതിന് സാധ്യമാവുക?'

ഇബ്റാഹീം ഇബ്നു ശമ്മാസ്(റഹി) പറഞ്ഞു: 'ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ അഹ്മദ് ഇബ്നു ഹൻബൽ(റഹി) രാത്രി നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.'

സഈദുബ്നു മുസ്വയ്യിബ് (റഹി) പറഞ്ഞു: "നിശ്ചയം, ഒരു മനുഷ്യൻ രാത്രി നമസ്കരിച്ചാൽ അല്ലാഹു അവന്റെ മുഖത്തൊരു പ്രകാശമുണ്ടാക്കും. അവനെ മുമ്പ് കണ്ടിട്ടില്ലാത്തവർ പോലും പ്രഥമ ദർശനത്തിൽ തന്നെ 'ഈ വ്യക്തിയെ ഞാൻ ഇഷ്ടപ്പെടുന്നു' എന്ന് പറയും."

**മാതൃകാവ്യക്തിത്വം**

രാത്രി നമസ്കാരം നിലനിർത്തുന്നവനെക്കാൾ ഉത്തമ മാതൃകയായ ഒരാൾ സമൂഹത്തിലില്ല. ലോകത്തിലെ ഏറ്റവും ഉത്തമരായ പുരുഷനും സ്ത്രീയും ആരാണെന്ന് നബിﷺ പറയുന്നത് നോക്കൂ:

അബൂഹുറയ്റؓയിൽ നിന്ന്, നബിﷺ പറഞ്ഞു: 'അല്ലാഹു ഒരു വ്യക്തിയിൽ കാരുണ്യം ചൊരിയട്ടെ; അവൻ രാത്രി എഴുന്നേറ്റ് നമസ്കരിക്കുകയും അവന്റെ ഭാര്യയെ എഴുന്നേൽപിക്കുകയും ചെയ്യുന്നു. ഇനി അവൾ വിസമ്മതിച്ചെങ്കിൽ മുഖത്ത് വെള്ളമൊഴിച്ച് അവളെ എഴുന്നേൽപിക്കുകയും ചെയ്യുന്നു. അല്ലാഹു ഒരു സ്ത്രീയിൽ കാരുണ്യം ചൊരിയട്ടെ; അവൾ രാത്രി എഴുന്നേറ്റ് നമ



സ്ക്കരിക്കുകയും അവളുടെ ഇണയെ എഴുന്നേൽപിക്കുകയും ചെയ്യുന്നു. ഇനി അവൻ വിസമ്മതിച്ചെങ്കിൽ മുഖത്ത് വെള്ളമൊഴിച്ച് അവനെ എഴുന്നേൽപിക്കുകയും ചെയ്യുന്നു' (അബൂദാവൂദ്).

സമൂഹത്തിന് മാതൃകയാകണം എന്നാഗ്രഹിക്കുന്ന ഒരാൾക്ക് ഉണ്ടായിരിക്കേണ്ട സുപ്രധാന വിശേഷണങ്ങളിൽ ഒന്നാണ് രാത്രി നമസ്കാരം നിലനിർത്തുക എന്നത് എന്നാണ് ഇതിൽ നിന്നും നമുക്ക് മനസ്സിലാകുന്നത്. തന്റെ അനുചരന്മാരെ ജനങ്ങളിൽ മേന്മയുള്ളവരാക്കാൻ പരിശ്രമിച്ച നബിﷺയുടെ പ്രധാന ഉപദേശങ്ങളിൽ ഒന്ന് രാത്രി നമസ്കാരം നിലനിർത്തണം എന്നതായിരുന്നു. നബിﷺ തന്നെ ഉപദേശിച്ച കാര്യമായി അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه പറഞ്ഞത് ഇതായിരുന്നു: 'അല്ലയോ അബ്ദുല്ലാ, നീ ഒരുവനെപ്പോലെ ആകരുത്. അയാൾ രാത്രി നമസ്ക്കരിക്കുകയും പിന്നീട് അത് ഉപേക്ഷിക്കുകയും ചെയ്തു' (ബുഖാരി).

പരിശുദ്ധ റമദാനിൽ മുപ്പത് ദിവസം രാത്രി നമസ്കരിച്ച നമ്മൾ ഇനിയുള്ള കാലങ്ങളിൽ ആ നന്മ തുടർന്ന് കൊണ്ടുപോകുന്നില്ലെങ്കിൽ പ്രവാചകൻ ഉദാഹരിച്ച വ്യക്തിയിൽ നമ്മളും ഉൾപ്പെടുമോ എന്ന് ചിന്തിക്കേണ്ടതുണ്ട്.

## അസാധ്യമാകുന്നതിന്റെ കാരണം

ലോകം മുഴുവൻ ഉറങ്ങുന്ന സമയത്ത് എഴുന്നേൽക്കാനും നമസ്ക്കരിക്കാനും ഒരു യഥാർഥ സത്യവിശ്വാസിക്ക് മാത്രമെ സാധിക്കുകയുള്ളൂ. കാരണം, ഗാഢമായ ഉറക്കിൽനിന്നും എഴുന്നേറ്റ് നമസ്ക്കരിക്കുക എന്നത് ഒരു ജിഹാദ് (ധർമസമരം) തന്നെയാണ്. വിശ്വാസികൾക്കല്ലാതെ ആ ജിഹാദ് സാധ്യമാവുകയില്ല. ഇനി രാത്രി എഴുന്നേറ്റ് നമസ്ക്കരിക്കുക എന്ന ഈ ജിഹാദിന് സാധ്യമാകാത്തതിന്റെ കാരണം എന്താണ് എന്ന് സലഫുകൾ നമുക്ക് പഠിപ്പിച്ചു തരുന്നു, രാപ്പകലിൽ ചെയ്തുകൂട്ടിയ പാപഭാരമാണത്.

സുഫിയാനുസ്സൗരി(റഹി) പറഞ്ഞു: 'ഞാൻ ചെയ്ത ഒരു തിന്മ കാരണം അഞ്ചു മാസക്കാലം എനിക്ക് രാത്രി നമസ്ക്കരിക്കാൻ കഴിയാതിരുന്നിട്ടുണ്ട്.'

ഫുദൈലുബ്നു ഇയാദ്(റഹി) പറഞ്ഞു: 'രാത്രി നമസ്ക്കരിക്കാനും പകൽ നോമ്പെടുക്കാനും നിനക്ക് സാധിക്കുന്നില്ലെങ്കിൽ, പാപങ്ങളുടെ തടവറയിൽ നീ ബന്ധിതനാണെന്ന തിരിച്ചറിവ് നിനക്കുണ്ടായിരിക്കട്ടെ.'

രാത്രി നമസ്കരിക്കാൻ എഴുന്നേൽക്കാൻ കഴിയായത്തതിന് പ്രതിവിധി പറഞ്ഞുതരണം എന്ന് ചോദിച്ച വ്യക്തിയോട് ഇബ്രാഹീം ഇബ്നു അദ്ഹം (റഹി) പറഞ്ഞത് ഇപ്രകാരമാണ്: 'നീ പകലിൽ അല്ലാഹുവിനെ ധിക്കരിക്കരുത്. കാരണം, അവനാണ് രാവിൽ നിന്നെ എഴുന്നേൽപിക്കുന്നത്. രാത്രി നമസ്ക്കരിക്കാൻ എഴുന്നേൽക്കുക എന്നത് ഏറ്റവും മഹത്തായ കാര്യമാണ്. ഒരു ധിക്കാരി (പാപി) ഒരിക്കലും ആ മഹത്ത്വം അർഹിക്കുന്നില്ല.'

പകൽ സമയങ്ങളിൽ തിന്മ ചെയ്യുന്നതാണ് രാത്രി നമസ്കാരത്തെ തൊട്ട് നമ്മെ തടയുന്നത് എന്നാണ് സലഫുകളുടെ ഉപദേശങ്ങളുടെ രത്നച്ചുരുക്കം. റമദാനിൽ ശീലിച്ചെടുത്ത പരിചതിന്മകൾക്കെതിരെ ഇനിയും പ്രയോഗിച്ചാൽ വരുംരാവുകളിൽ നമുക്കെഴുന്നേൽക്കാനാവും.

## ഉത്തമമായ സമയം

ഐച്ഛിക നമസ്കാരങ്ങളിൽ ഉത്തമമായ നമസ്കാരമാണ് രാത്രി നമസ്കാരം എന്ന് നാം പറഞ്ഞല്ലോ. അതിൽ തന്നെ ഏറ്റവും ഉത്തമമായ സമയം രാവിന്റെ അന്ത്യയാമങ്ങളാണ്.

അബൂഹുറയ്റയിൽ رضي الله عنه നിന്ന്, നബിﷺ പറഞ്ഞു: 'നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഏറ്റവും ഉത്തമമായ നമസ്കാരം രാവിന്റെ അവസാന മൂന്നിലൊന്നിലുള്ളതാണ്' (മുസ്ലിം).

ഈ സമയത്തെ പ്രാർഥനയാണ് അല്ലാഹു ഏറ്റവും കൂടുതൽ കേൾക്കുന്നതും സ്വീകരിക്കുന്നതും എന്ന് സുനനുകളിൽ ഉദ്ധരിക്കപ്പെട്ട സ്വഹീഹായ ഹദീഥുകളിൽ കാണാനാവും. മാത്രവുമല്ല, ഈ സമയത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. അടിമകൾക്ക് വേണ്ടി മാത്രം പരമകാരുണികൻ ഒന്നാനാകാശത്തേക്ക് ഇറങ്ങിവരുന്ന സമയമാണിത്. നമുക്ക് വേണ്ടി മാത്രം, നമ്മെ സൃഷ്ടിച്ചവൻ ഒന്നാനാകാശത്തേക്ക് ഇറങ്ങി വരുമ്പോൾ നമുക്കെങ്ങനെ മൂടിപ്പുതച്ച് കിടന്നുറങ്ങാനാവും?

കഴിഞ്ഞ ഒരു മാസം നാം അത്താഴം കഴിക്കാൻ എഴുന്നേറ്റ സമയമാണിത്. അത്താഴത്തിനായി ഒരുക്കപ്പെട്ട ആ അലാറങ്ങൾ നിലയ്ക്കാതെ ഇനിയും മുഴങ്ങട്ടെ. അത്താഴം കഴിക്കാൻ എടുത്ത സമയം നമസ്കാരത്തിനുപയോഗിക്കാം. നോമ്പിനെന്ന പോലെ കുടുംബക്കാരെയും വിളിച്ചുണർത്തുക. കുടുംബ സമേതം ഈ പുണ്യം നമുക്ക് നിലനിർത്താം. രാത്രി എഴുന്നേൽക്കാൻ കഴിയില്ല എന്ന് തീർത്തും ഉറപ്പുള്ളവർ 3 റക്അത്തെങ്കിലും നമസ്ക്കരിച്ച ശേഷം ഉറങ്ങുന്നത് ശീലമാക്കുക. ഒരു മാസക്കാലം കൊണ്ട് നാം നേടിയെടുത്ത ഈ ശീലം നഷ്ടപ്പെടുത്തരുത്. അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ.

നബീൽ പയ്യോളി
nabeelpayyoly@gmail.com





# അഞ്ചൽ കൊലപാതകവും ചില തിരിച്ചറിവുകളും

**ഭർതൃപീഡനവും കൊലപാതകവും പുതുമയുള്ള വാർത്തയല്ല കേരളത്തിൽ. എന്നാൽ ക്രൂരത കൊണ്ടും ആസൂത്രണ മികവ് കൊണ്ടും ഏറെ വ്യതിരിക്തമായിരുന്നു മൂർഖൻ പാമ്പിനെ ഉപയോഗിച്ച് അഞ്ചലിൽ നടത്തിയ നരഹത്യ. വിൽപനച്ചരക്കായി മാറുന്ന വിവാഹത്തെയും കമ്പോളവൽക്കരിക്കപ്പെടുന്ന കുടുംബജീവിതത്തെയും മാറ്റി നിർത്തി ഉത്രയുടെ കൊലപാതകത്തെ ചർച്ച ചെയ്യുക സാധ്യമല്ല തന്നെ!**

കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ച കൊലപാതകമാണ് കൊല്ലം അഞ്ചലിലെ ഏറാത്ത് ഉത്രയുടെത്. മാനുഷിക ബന്ധങ്ങൾക്കപ്പുറം ഭൗതിക താൽപര്യങ്ങൾ മനുഷ്യനെ മൃഗതുല്യനാക്കുന്ന ആധുനിക ലോകത്തെ കറുത്ത അധ്യായങ്ങളിൽ ഒടുവിലത്തെതാണ് അഞ്ചലിൽ അരങ്ങേറിയത്. ഉത്രയുടെ മകൻ, ഒരു വയസ്സ് മാത്രം പ്രായമുള്ള ധ്രുവ് എന്ന ആ കൊച്ചു കുട്ടിയുടെ മുഖം കേരളീയ മനഃസാക്ഷിക്ക് മുന്നിൽ ചോദ്യചിഹ്നമായി നിൽക്കുകയാണ്.

അഞ്ചൽ കൊലപാതകത്തിൽ പൊലീസ് അന്വേഷണം പുരോഗമിക്കുകയാണ്. ഉത്രയുടെ ഭർത്താവ് പത്തനംതിട്ട അടൂർ പറക്കോട്ട് സൂരജ്, അയാൾക്ക് പാമ്പിനെ നൽകിയ പാമ്പ് പിടു

ത്തക്കാരൻ സുരേഷ് എന്നിവരെയാണ് പൊലീസ് അറസ്റ്റ് ചെയ്തിട്ടുള്ളത്. മാർച്ച് രണ്ടിനാണ് ഉത്രയ്ക്ക് ആദ്യം പാമ്പുകടിയേൽക്കുന്നത്. ഇതിന്റെ ചികിൽസയ്ക്കായി സ്വന്തം വീട്ടിലെത്തി കഴിയുമ്പോഴാണ് രണ്ടാമതും പാമ്പുകടിയേൽക്കുന്നതും അവർ മരിക്കുന്നതും.

മാർച്ച് രണ്ടിന് അണലിയുടെ കടിയേറ്റ് ഉത്ര 56 ദിവസം തിരുവല്ല പുഷ്പഗിരിയിൽ ചികിത്സയിലായിരുന്നു. ചികിത്സ കഴിഞ്ഞു സ്വന്തം വീട്ടിൽ വിശ്രമത്തിലായിരുന്നു അവർ. മെയ് 6ന് അർധരാത്രി ഒരു മണിയോടെ ഭാര്യ ഉറങ്ങിയെന്ന് ഉറപ്പാക്കി മൂർഖൻ പാമ്പിനെക്കൊണ്ട് വലതുകൈത്തണ്ടയിൽ രണ്ടു തവണ കടിപ്പിച്ചു സൂരജ് അവരുടെ മരണം ഉറപ്പാക്കി. പാമ്പിനെ തിരികെ ജാറിലാക്കാൻ സൂരജ് ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. ഏസി മുറിയുടെ ജനാല തുറന്നിട്ട് പാമ്പ് അതുവഴി അകത്തു കയറിയെന്ന് വരുത്താനും ഇയാൾ ശ്രമിച്ചു. അടുത്ത ദിവസം പുലർച്ചെ ഉത്രയുടെ അമ്മയാണ് അവരെ മരിച്ച നിലയിൽ കാണുന്നത്. സഹോദരനൊപ്പം സൂരജ് പാമ്പിനെ തല്ലിക്കൊന്ന് കുഴിച്ചിടുകയും ചെയ്തു. നാടകീയ സംഭവങ്ങൾക്ക് സ്വാഭാവികതയുടെ നിറം നൽകാൻ സൂരജ് ശ്രമിച്ചുവെങ്കിലും അയാളുടെ ഇടപെടലുകളും സാഹചര്യങ്ങളും ഒക്കെ സംശയത്തിന് കാരണമായി. കുടുംബം പൊലീസിൽ പരാതി നൽകിയതോടെ കൊലപാതകത്തിന്റെ ചുരുളഴിയാൻ വഴിയൊരുങ്ങി. പ്രതിക്ക് വധശിക്ഷ നൽകണം എന്ന് പലരും അഭിപ്രായപ്പെട്ടു. എന്നാൽ പിന്നീട് സൂരജ് കുറ്റം നിഷേധിക്കുകയും പൊലീസ് മർദിച്ച് കുറ്റം സമ്മതിപ്പിക്കുകയായിരുന്നു എന്ന് മൊഴിമാറ്റിപ്പറയുകയും ചെയ്തിരിക്കുകയാണ്. കേട്ടുകേൾവിയില്ലാത്ത ക്രൂരതയാണ് അഞ്ചലിൽ അരങ്ങേറിയത് എന്ന് പറയാതെ വയ്യ. കുറ്റം തെളിയിക്കാൻ പൊലീസിന് കഴിയട്ടെ, അതോടൊപ്പം പ്രതികൾക്ക് അർഹമായ ശിക്ഷ ലഭ്യമാക്കാനും.

ഉത്രയുടെ കൊലപാതകത്തിന് ശേഷം കേരളം ആ കൊലപാതകത്തിന്റെ രീതിയും അതിലേക്ക് നയിച്ച സാഹചര്യങ്ങളും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിൽ ഒന്നാമത്തേത് സ്ത്രീധനമാണ്. സ്ത്രീധന നിരോധനനിയമം നിലവിലുണ്ടെങ്കിലും അവയെല്ലാം കാറ്റിൽപറത്തി അലിഖിത സമ്പ്രദായമായി അതിപ്പോഴും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. അതിന്റെ ഒടുവിലത്തെ ഇരയാണ് ഉത്ര. സ്ത്രീധനമായി 98 പവനും 5 ലക്ഷവും കാറും ആണ് അവരുടെ വിവാഹത്തിന് നൽകിയത്. അതിന് പുറമെ എല്ലാ മാസവും 8000 രൂപ വീതവും ഉത്രയുടെ വീട്ടിൽനിന്ന് സൂരജ് വാങ്ങി. മറ്റു സാമ്പത്തിക ഇടപാടുകളും ഉണ്ടായിരുന്നു എന്നിങ്ങനെയുള്ള വാർത്തകളാണ് ഓരോ ദിവസവും പുറത്ത് വന്നുകൊണ്ടിരിക്കുന്നത്.

വിവാഹം എന്നത് ഒരു കച്ചവടവും സ്ത്രീ വിൽപനച്ചരക്കുമായി മാറുന്ന വിവാഹ കമ്പോളത്തിന്റെ ബാക്കിപത്രമാണ് സ്ത്രീധനം. വിറ്റഴിക്കാൻ പറ്റാത്ത ചരക്കിന് ആകർഷകമായ ഓഫർ നൽകി, വാങ്ങുന്നവന്റെ മനംകവരുന്ന മാനസികാവസ്ഥയാണ് ഇത്തരത്തിലുള്ള ഒരു കമ്പോളത്തെ സൃഷ്ടിച്ചത്. വിവാഹ ദല്ലാളുമാരും പണക്കൊതിയന്മാരായ ചിലരുമാണ് ഈ കമ്പോളത്തെ സമർഥമായി ചൂഷണം ചെയ്ത് കൊണ്ടിരിക്കുന്നത്. ആത്മാഭിമാനത്തോടെയും അന്തസ്സോടെയും ഒരു പെൺകുട്ടിയെ വിവാഹം ചെയ്യാനും അവൾക്ക് അർഹമായ മുഴുവൻ അവകാശങ്ങളും വകവെച്ചു കൊടുത്ത് ഒരു നല്ല ജീവിതം സമ്മാനിക്കാനും നട്ടെല്ലുണ്ടാവുക എന്നത് പ്രധാനമാണ്. അത്തരത്തിൽ ആത്മാഭിമാനമുള്ള ചെറുപ്പക്കാർ ഈ വൃത്തികെട്ട കച്ചവട തന്ത്രങ്ങൾക്ക് മുന്നിൽ അടിയറവ് പറയില്ലെന്നത് തീർച്ച.

സ്ത്രീധനം എന്നത് ജാതിമത വ്യത്യാസമില്ലാതെ കേരളത്തിൽ ഇന്നും നിലനിൽക്കുന്ന വലിയ ഒരു ചൂഷണം തന്നെയാണ്. ജനിച്ചത് പെൺകുട്ടിയാ






ണ് എന്നറിഞ്ഞാൽ അന്ന് തുടങ്ങുന്ന ആധിയാണ് ഓരോ രക്ഷിതാവിനും. കെട്ടുപ്രായംവരെ അവളെ നന്നായി വളർത്തിയാൽ മാത്രം പോരാ, മറിച്ച് കൈ നിറയെ സ്വർണവും പണവും വാഹനവും നൽകി അവളെ വിവാഹം ചെയ്ത് അയക്കേണ്ടി വരുന്ന ഗതികേട് കേരളത്തിലെ ആയിരക്കണക്കിന് കുടുംബങ്ങളിൽ ആധിയായി നിലനിൽക്കുന്നു. പെണ്ണിന് സ്വന്തമായി അസ്തിത്വം ഉണ്ടെന്നും അവൾക്കും പുരുഷനെ പോലെ അവകാശങ്ങളും വ്യക്തിത്വവും ഉണ്ടെന്നും അംഗീകരിക്കാൻ കഴിയാത്ത ചിന്താഗതിയുടെ ബാക്കിപത്രമായും സ്ത്രീധനത്തെ കാണേണ്ടതുണ്ട്. ഒരു പുരുഷായുസ്സ് മുഴുവൻ അധ്വാനിച്ച് സമ്പാദിച്ച പണം സ്ത്രീധനത്തിന് മതിയാവാതെ വരുമ്പോൾ സ്വന്തം കിടപ്പാടം വിറ്റ് പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കുന്ന നൂറുകണക്കിന് കുടുംബങ്ങൾ ഇന്നും നമ്മുടെ കേരളത്തിൽ ഉണ്ട്. പണക്കാരനും പാവപ്പെട്ടവനും ഏറ്റവ്യത്യാസം ഉണ്ടെങ്കിലും സ്ത്രീധനം എന്ന ദുരാചാരം ദരിദ്ര, ധനിക വ്യത്യാസമില്ലാതെ ഇന്നും നമ്മുടെ സമൂഹത്തിൽ നിലകൊള്ളുന്നു എന്നതാണ് യാഥാർഥ്യം. വിദ്യാസമ്പന്നനും വിദ്യാഭ്യാസം കുറവുള്ളവനുമൊക്കെ സ്ത്രീധനം വാങ്ങുന്നുണ്ട്. വിദ്യാഭ്യാസവും തറവാടും സാമ്പത്തിക ചുറ്റുപാടുമൊക്കെ കൂടുന്നതിനനുസരിച്ച് സ്ത്രീധനത്തിന്റെ അളവ് കൂടുന്നു എന്ന് മാത്രം. വിവാഹത്തെ കുറിച്ചുള്ള വികൃതമായ കാഴ്ചപ്പാടുകളാണ് ഇത്തരം ദുരാചാരങ്ങൾക്ക് വഴിവെക്കുന്നത്.

പവിത്രമായ ഒരു കർമമായാണ് ഇസ്‌ലാം വിവാഹത്തെ ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നത്: "നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 30:21).

നമ്മെ സൃഷ്ടിച്ച ലോകനാഥന്റെ ദൃഷ്ടാന്തമായാണ് ഈ വചനത്തിലൂടെ അല്ലാഹു വിവാഹത്തെ പരിചയപ്പെടുത്തുന്നത്. അത് മനുഷ്യന്റെ സമാധാനത്തിന് നിദാനമാണ്. എന്തൊരു സുന്ദരമായ കാഴ്ചപ്പാട്! മനുഷ്യന് സമാധാനം നൽകുക എന്നത് വിവാഹത്തിന്റെ ലക്ഷ്യങ്ങളിൽ പ്രധാനമാണ്. എന്നാൽ സ്ത്രീധന വിവാഹങ്ങൾ അസമാധാനത്തിന്റെ വാതായനങ്ങൾ തുറക്കുന്നു എന്നാണ് നമുക്ക് ചുറ്റുമുള്ള നിരവധി സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നത്. എന്തിനാണ് വിവാഹം എന്നതും പ്രസക്തമായ ചോദ്യം തന്നെയാണ്. അതിന് പ്രവാചക അധ്യാപനങ്ങൾ നമുക്ക് കൃത്യമായ മറുപടി നൽകുന്നുണ്ട്.

പ്രവാചകൻﷺ പറഞ്ഞു: "നാലു കാര്യങ്ങൾക്കു വേണ്ടിയാണ് സ്ത്രീകൾ വിവാഹം ചെയ്യപ്പെടാറുള്ളത്; അവളുടെ സ്വത്ത്, തറവാട്, സൗന്ദര്യം, മതനിഷ്ഠ (എന്നിവയാണവ). മതനിഷ്ഠയുള്ളവളെ വിവാഹം ചെയ്ത് നീ വിജയിച്ചുകൊള്ളുക" (ബുഖാരി).

സ്വത്തും തറവാടും സൗന്ദര്യവും പരിഗണിക്കേണ്ട എന്നല്ല. എന്നാൽ അവയെക്കാളെല്ലാം പ്രധാനം മതനിഷ്ഠയായിരിക്കണം എന്ന് പ്രവാചകൻ ഉണർത്തുന്നു. ധാർമിക മൂല്യങ്ങളാണ് വിവാഹ ജീവിതത്തെ മുന്നോട്ട് നയിക്കേണ്ടത്.

സ്ത്രീകളുടെ സ്വത്തിൽ കണ്ണുനട്ട് വിവാഹം കഴിക്കാനല്ല, മറിച്ച് അവൾക്ക് മാന്യമായ വിവാമൂല്യം അങ്ങോട്ടു നൽകി അവളെ തന്റെ ജീവിതത്തിലേക്ക് ചേർക്കുവാനാണ് ഇസ്‌ലാം കൽപിക്കുന്നത്.

"സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങൾ മനഃസംതൃപ്തിയോടുകൂടി നിങ്ങൾ നൽകുക. ഇനി അതിൽ നിന്ന് വല്ലതും സൻമനസ്സോടെ അവർ വി

ട്ടുതരുന്ന പക്ഷം നിങ്ങളത് സന്തോഷപൂർവം സുഖമായി ഭക്ഷിച്ചു കൊള്ളുക" (ക്വുർആൻ 4:4).

സ്ത്രീധനം എന്ന ദുരാചരത്തിന് ഇസ്‌ലാമിക വിവാഹത്തിൽ ഒരിടവും ഇല്ല എന്ന് വ്യക്തം. പുരുഷൻ സ്ത്രീക്ക് പവിത്രമായ വിവാഹ സമ്മാനമായ മഹ്ർ (വിവാഹമൂല്യം) നൽകണമെന്നാണ് ഇസ്‌ലാം അനുശാസിക്കുന്നത്.

ഭാര്യയുടെയും കുടുംബത്തിന്റെയും സമ്പത്ത് കണ്ടിട്ടാണ് പലരും ഇന്ന് വിവാഹം കഴിക്കുന്നത്. അത് ലഭ്യമാകുന്നിടത്ത് എന്തെങ്കിലും വീഴ്ച വന്നാൽ അത് കുടുംബ ജീവിതത്തെ സാരമായി ബാധിക്കുന്നു. എന്നാൽ ഭാര്യക്കും കുടുംബത്തിനും വേണ്ടി അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചു ചെലവഴിക്കുന്നത് പ്രതിഫലാർഹമാണ് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. നബിﷺ പറഞ്ഞു:

"അല്ലാഹുവിന്റെ പ്രീതി പ്രതീക്ഷിച്ച് എന്ത് ചെലവഴിച്ചാലും അതിനു പ്രതിഫലം ലഭിക്കാതിരിക്കില്ല; തന്റെ ഭാര്യയുടെ വായിൽ വെച്ചുകൊടുക്കുന്ന ഒരു ഉരുളക്കുപോലും" (ബുഖാരി, മുസ്‌ലിം)

ഭാര്യയുടെയോ അവരുടെ വീട്ടുകാരുടെയോ ചെലവിൽ ജീവിക്കാമെന്ന മോഹവുമായി വിവാഹത്തിനൊരുങ്ങുന്ന അധമരായി പുരുഷന്മാർ മാറരുത്. അധ്വാനിച്ച് ഭാര്യയെയും മക്കളെയും ഭക്ഷിപ്പിക്കുവാനും അവർക്ക് സംരക്ഷണവും അവകാശങ്ങളും നൽകുവാനുമാണ് ഒരു മാന്യനായ പുരുഷൻ ശ്രദ്ധിക്കേണ്ടത്. അത് അഭിമാനമാണ്.

ഭാര്യമാരെ സ്ത്രീധനത്തിന്റെയും പണത്തിന്റെയും പേരിൽ പീഡിപ്പിക്കുന്നവർക്ക് ഈ പ്രവാചക അധ്യാപനം വെളിച്ചമാവണം:

നബിﷺപറഞ്ഞു: "നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഭാര്യമാരോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്; ഞാൻ എന്റെ ഭാര്യമാരോട് ഏറ്റവും നന്നായി വർത്തിക്കുന്നവനത്രെ" (തിർമിദി).

"സത്യവിശ്വാസി, സത്യവിശ്വാസിനി(യായ ഭാര്യ)യുമായി പിണങ്ങുവാൻ പാടില്ല. അവളിൽ നിന്നുള്ള വല്ല സ്വഭാവത്തെയും നിങ്ങൾ വെറുക്കുന്നുവെങ്കിൽ മറ്റു കുറെ സ്വഭാവങ്ങൾ നിങ്ങളെ തൃപ്തിപ്പെടുത്തും" (മുസ്‌ലിം).

തന്റെ ഭാര്യയോട് ഏറ്റവും നന്നായി പെരുമാറുകയും അവളുടെ നന്മകളെ തിരിച്ചറിഞ്ഞ് വിട്ടുവീഴ്ചയും സ്നേഹവും ഇഴചേർന്ന ഇടപെടലുകൾ നടത്തലുമാണ് സാർഥകമായ വിവാഹ ജീവിതത്തിന്റെ മാർഗം എന്ന് ഇസ്‌ലാമിക അധ്യാപനങ്ങൾ നമ്മെ ഉണർത്തുന്നു.

ആഇശ رضي الله عنها പറയുന്നു: "നബിﷺക്ക് എന്തെങ്കിലും കുടിക്കുവാൻ കൊണ്ടുവന്നാൽ ഞാൻ അതിൽ നിന്നും കുടിക്കും; ആർത്തവകാരിയായിരിക്കുമ്പോഴും. പിന്നീട് പ്രവാചകൻﷺ ഞാൻ വായവെച്ച അതേ സ്ഥലത്തുതന്നെ വായവെച്ച് കുടിക്കുകയും ചെയ്യും. അതുപോലെ ഞാൻ മാംസം ഭക്ഷിച്ചാൽ ആ മാംസത്തിന്റെ ബാക്കിഭാഗം എന്റെ വായവെച്ച സ്ഥലത്തുതന്നെ പ്രവാചകൻ തിരുമേനി തന്റെ വായ വെച്ചു ഭക്ഷിക്കുമായിരുന്നു" (മുസ്‌ലിം, അഹ്മദ്)

എത്ര മനോഹരമായ മാതൃകയാണ് ലോകത്തിന് മുന്നിൽ ദാമ്പത്യജീവിതത്തിൽ പ്രവാചകൻ കാണിച്ചുതന്നിട്ടുള്ളത്! ഈ മാതൃക അറിയാനും ഉൾക്കൊള്ളാനുമാണ് സമൂഹം ശ്രമിക്കേണ്ടത്. സ്ത്രീധനം ചോദിക്കാത്തവന് മാത്രമെ തന്റെ മകളെ വിവാഹം കഴിപ്പിച്ചു നൽകൂ എന്ന് പറയാനുള്ള ആർജവം കേരളത്തിലെ രക്ഷിതാക്കൾ കാണിക്കണം. അതോടൊപ്പം സ്ത്രീധനം വാങ്ങാതെയായിരിക്കും എന്റെ വിവാഹം എന്ന് പറയാനുള്ള തന്റേടം യുവാക്കൾക്കും ഉണ്ടാകേണ്ടതുണ്ട്. എങ്കിലേ ഇത്തരം ദുരന്തങ്ങൾക്ക് അറുതിയാവൂ.

രണ്ടാമത്തേത്, ഉത്രയുടെ കുടുംബം വിവാഹമോചനം ആവശ്യപ്പെട്ടതാ



ണ് കൊലപാതകത്തിലേക്ക് നയിച്ചത് എന്ന സൂരജിന്റെ കുറ്റസമ്മതമൊഴിയാണ്. ഉത്രയെ ശാരീരികവും മാനസികവുമായി പീഡിപ്പിച്ചിരുന്നെന്ന് അദ്ദേഹം സമ്മതിക്കുന്നു. ഉത്രയെ കുടുംബം അഞ്ചലിലെ വീട്ടിലേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. വിവാഹമോചനം വേണമെന്ന് ആവശ്യപ്പെട്ടു. ഈ വൈരാഗ്യത്തിലാണ് കൊലപാതകം ആസൂത്രണം ചെയ്തതെന്ന് സൂരജ്. പരമാവധി സ്വത്ത് കൈക്കലാക്കിയതോടെ ഉത്രയെ ഒഴിവാക്കി മറ്റൊരു വിവാഹം കഴിക്കാൻ തീരുമാനിച്ചു. എന്നാൽ വിവാഹമോചനം നേടിയാൽ വാങ്ങിയ പണവും സ്വർണവും കാറും എല്ലാം ഉത്രയുടെ വീട്ടുകാർക്ക് തിരികെ നൽകേണ്ടിവരുമെന്ന് കൊലയാളി ഭയപ്പെട്ടു. ഇതോടെയാണ് ഭാര്യയെ കൊലപ്പെടുത്തി ഒഴിവാക്കാമെന്നു പ്രതി തീരുമാനിച്ചതെന്ന് അന്വേഷണസംഘം വിശദീകരിച്ചു. ഇവിടെ സ്ത്രീധനം ഉണ്ടാക്കുന്ന ബാധ്യതയുടെ അനന്തര ഫലമാണ് മറ്റൊരു പ്രധാന പ്രശ്നം.

വൈവാഹിക ജീവിതത്തിൽ മുന്നോട്ട് പോകാൻ പറ്റാത്തവിധം പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ എന്ത് ചെയ്യണം എന്നത് ചില വിഭാഗങ്ങൾക്കിടയിൽ വലിയ ഒരു സമസ്യയായി നിലനിൽക്കുന്നു എന്നത് യാഥാർഥ്യമാണ്. നടേ സൂചിപ്പിച്ചത് പോലെ, വിവാഹം എന്നത് സമാധാനം കൈവരിക്കാനും പരസ്പരം അറിഞ്ഞും സ്നേഹിച്ചും വിട്ടുവീഴ്ച ചെയ്തും മുന്നോട്ട് പോകാനുമുള്ള ഒരു പവിത്രമായ ബന്ധമാണ്. എങ്കിലും, മാനസികവും ശാരീരികവുമായി പൊരുത്തപ്പെടാത്ത സാഹചര്യം ചിലപ്പോഴെങ്കിലും ഉണ്ടാവുക സ്വാഭാവികമാണ്. അത്തരം സന്ദർഭങ്ങളിൽ മനപ്പൊരുത്തമില്ലാതെ രണ്ടുപേരും ഒന്നിച്ചു ജീവിക്കണമെന്ന് ശഠിക്കുന്നത് ബുദ്ധിയല്ലല്ലോ. ദൈവം കൂട്ടിച്ചേർത്തത് വേർപെടുത്താൻ നമുക്ക് അവകാശമില്ലെന്ന് വിശ്വസിക്കുന്ന ചില മതവിശ്വാസികളുണ്ട്. മതപരമായ ഒരു മാർഗനിർദേശം അത്തരം മതങ്ങളിൽ വിവാഹ മോചനവുമായി ബന്ധപ്പെട്ട് കാണുക സാധ്യമല്ല. രാജ്യത്തിന്റെ നിയമമനുസരിച്ച് വിവാഹ ബന്ധം വേർപെടുത്തുക എന്നതാണ് അവർക്ക് മുന്നിലുള്ള പരിഹാരം. നിയമ വ്യവഹാരങ്ങളുടെ നൂലാമാലകളും വർഷങ്ങൾ അതിന്റെ പിന്നിൽ ചെലവഴിക്കേണ്ടി വരുന്നതും പലരെയും പല പാതകങ്ങൾക്കും പ്രേരിപ്പിക്കുന്നു എന്നതാണ് യാഥാർഥ്യം.

കുടുംബ കോടതികളിൽ കെട്ടിക്കിടക്കുന്ന ധാരാളം കേസുകൾ ഈ വസ്തുതയാണ് ബോധ്യപ്പെടുത്തുന്നത്. അതാണ് ഉത്രയുടെ കൊലപാതകത്തിലേക്ക് നയിച്ച മറ്റൊരു ഘടകം എന്ന് പറയുമ്പോൾ വിവാഹ മോചനത്തിന്റെ കുരുക്കുകളുടെ ഇരകൂടിയാണ് ഉത്രയെന്ന് പറയേണ്ടിവരും. നൂറുകണക്കിന് സഹോദരിമാർ വിവാഹമോചനവുമായി ബന്ധപ്പെട്ട് പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട് എന്നതും ഇതിനോട് നാം ചേർത്ത് വായിക്കണം. ഒന്നുകിൽ പങ്കാളിയെ കൊന്നുകളയുക, ഇല്ലെങ്കിൽ താൻ ആത്മഹത്യ ചെയ്യുക എന്ന 'എളുപ്പവഴി'യാണ് വിവാഹ മോചനത്തിന്റെ വക്കിൽ എത്തിനിൽക്കുന്നവർ പലപ്പോഴും തെരഞ്ഞെടുക്കുന്നത്. ഈ കൊലപാതകവും അത്തരത്തിലുള്ള ഒരു എളുപ്പവഴിയായിരുന്നു എന്നാണ് പ്രതിയുടെ കുറ്റസമ്മതത്തിൽ നിന്നും നാം മനസ്സിലാക്കുന്നത്.

എന്നാൽ പ്രായോഗിക ജീവിതത്തിന് ദൈവം അവതരിപ്പിച്ച മാർഗദർശനം എന്ന നിലയിൽ പരിശുദ്ധ ഇസ്‌ലാമിൽ ഇത്തരം സന്ദർഭത്തിൽ രണ്ടുപേർക്കും സ്വീകരിക്കാവുന്ന മാർഗങ്ങൾ വ്യക്തമാക്കുന്നുണ്ട്.

"ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരുവിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (ക്വുർആൻ 2:35).

പ്രശ്നങ്ങളെ അനുരഞ്ജനത്തിലൂടെ പരിഹരിക്കുക എന്ന നിർദേശമാണ് ഇസ്‌ലാം ഈ വിഷയത്തിൽ ആദ്യം മുന്നോട്ടു വെക്കുന്നത്. എന്നാൽ പരസ്പരം ഒത്തുജീവിക്കാൻ ഒരിക്കലും സാധ്യമല്ലെന്നു വന്നാൽ വിവാഹ മോചനത്തിനുള്ള അധികാരം പുരുഷനുണ്ടെന്ന് മാത്രമല്ല സോപാധികം സ്ത്രീക്കുമുണ്ട് (ഫസ്ഖ്). അല്ലാഹു പറയുന്നു:

"(മടക്കിയെടുക്കാൻ അനുമതിയുള്ള) വിവാഹ മോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ, അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്. നിങ്ങൾ അവർക്ക് (ഭാര്യമാർക്ക്) നൽകിയിട്ടുള്ളതിൽനിന്നു യാതൊന്നും തിരിച്ചുവാങ്ങാൻ നിങ്ങൾക്ക് അനുവാദമില്ല. അവർ ഇരുവർക്കും അ

ല്ലാഹുവിന്റെ നിയമപരിധികൾ പാലിച്ചുപോരാൻ കഴിയില്ലെന്ന് ആശങ്ക തോന്നുന്നുവെങ്കിലല്ലാതെ. അങ്ങനെ അവർക്ക് (ദമ്പതിമാർക്ക്) അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുവാൻ കഴിയില്ലെന്ന് നിങ്ങൾക്ക് ഉൽക്കണ്ഠ തോന്നുകയാണെങ്കിൽ അവൾ വല്ലതും വിട്ടുകൊടുത്തുകൊണ്ട് സ്വയം മോചനം നേടുന്നതിൽ അവർ ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികളത്രെ അവ. അതിനാൽ അവയെ നിങ്ങൾ ലംഘിക്കരുത്. അല്ലാഹുവിന്റെ നിയമപരിധികൾ ആർ ലംഘിക്കുന്നുവോ അവർ തന്നെയാകുന്നു അക്രമികൾ" (ക്വുർആൻ 2:229).

"നബിയേ, നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദഃ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുകയും ഇദ്ദഃ കാലം നിങ്ങൾ എണ്ണി കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. അവരുടെ വീടുകളിൽ നിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുകയും ചെയ്യരുത്. പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ. അവ അല്ലാഹുവിന്റെ നിയമപരിധികളാകുന്നു. അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവനും അതിലംഘിക്കുന്ന പക്ഷം അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിന് ശേഷം അല്ലാഹു പുതുതായി വല്ലകാര്യവും കൊണ്ടു വന്നേക്കുമോ എന്ന് നിനക്ക് അറിയില്ല" (ക്വുർആൻ 65:1).



വിവാഹ മോചനവുമായി ബന്ധപ്പെട്ട് വിശദമായ മാർഗനിർദേശങ്ങൾ ഇസ്‌ലാം മുന്നോട്ട് വെക്കുന്നുണ്ട്. അത് പാലിച്ചുകൊണ്ട് വിവാഹ മോചനം പ്രയാസങ്ങൾ ഇല്ലാതെ തന്നെ സാധ്യമാവുകയും ചെയ്യും. മാന്യമായി പിരിയുക എന്ന നിലപാടാണ് ഇസ്‌ലാം മുന്നോട്ടു വെക്കുന്നത്. കോടതി വരാന്തകളിൽ കയറിയിറങ്ങി കാലമേറെ പ്രയാസമനുഭവിച്ച് കഴിയുന്ന അവസ്ഥയുണ്ടായിക്കൂടാ. ഇരുകൂട്ടർക്കും പ്രയാസങ്ങൾ ഇല്ലാതെ മാന്യമായ അവകാശങ്ങൾ വകവെച്ചു കൊടുത്തുകൊണ്ട് വേർപിരിയാനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഇസ്‌ലാം. അത് പാലിക്കാൻ മുസ്‌ലിം ബാധ്യസ്ഥനുമാണ്.

കണക്കുകൾ പെരുപ്പിച്ച് കാണിച്ചും ഇല്ലാക്കഥകൾ മെനഞ്ഞും വിവാഹമോചനത്തിന്റെ പേരിൽ മുസ്‌ലിം സമൂഹത്തെ മുഴുവൻ താറടിച്ചു കാണിക്കുവാനും അന്യവൽകരിക്കാനും മുസ്‌ലിം പുരുഷന്മാരെ തുറുങ്കിലടക്കാനും നിയമങ്ങൾ നിർമിക്കുന്നവർ ഇസ്‌ലാമിന്റെ പ്രായോഗിക നിർദേശങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണ്. യഥാർഥത്തിൽ വിവാഹമോചനത്തിന്റെ പേരിൽ പീഡനം അനുഭവിക്കുന്ന മറ്റു സമൂഹങ്ങളിലെ ഇരകളെ കാണാതെ പോകുന്നത് വിരോധാഭാസമാണ്. കുടുംബകോടതികളുടെ വരാന്തകളിൽ കേൾക്കുന്ന തേങ്ങലുകൾക്ക് പരിഹാരം കാണേണ്ടവർ കുറ്റകരമായ മൗനം പാലിക്കുകയാണ് ചെയ്യുന്നത്.

ന്യൂനതകൾ പ്രസ്പരസ്പരം മറച്ചുവെച്ച് മുന്നോട്ട് പോവുക എന്നതാണ് വിവാഹ ജീവിതത്തിലെ പ്രായോഗികത. അത് ഉൾകൊള്ളുന്നവർക്ക് വിജയിക്കാൻ സാധിക്കും. അല്ലാഹു പറയുന്നു: "അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു" (ക്വുർആൻ 2:187).

ഇസ്‌ലാമിക അധ്യാപനങ്ങളിൽ നിന്ന് മാതൃകയുൾക്കൊണ്ടാൽ ഇത്തരം ദുരന്തങ്ങളിൽ നിന്നും ഒരുപരിധിവരെ നമ്മുടെ നാടിനെ രക്ഷിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല.

അഫ്താബ് കണ്ണഞ്ചേരി
afthabclt@gmail.com





# മാർക്സിന്റെ കറുപ്പും മതംമാറുന്ന സൈദ്ധാന്തിക വിശദീകരണങ്ങളും

കമ്യൂണിസ്റ്റ് ബുദ്ധിജീവികൾ വിശ്വാസത്തിൽ നിന്ന് മാർക്സിസത്തിലേക്കുള്ള പ്രയാണം ലോക്ക്ഡൗൺ കാലത്തും വിളിച്ചു പറയുമ്പോഴും മതത്തെക്കുറിച്ച് വല്ലാതെ വാചാലരാണ് പാർട്ടി കമ്യൂണിസ്റ്റുകൾ. 'മതം മനുഷ്യനെ മയക്കുന്ന കറുപ്പ്' എന്ന മാർക്സിയൻ വചനത്തെ എത്ര സമർഥിച്ചാലും മതിവരാതെ പാർട്ടി ക്ലാസ്സുകൾ എടുക്കുന്ന തിരക്കിലാണവർ. അത്തരമൊരു പരിശ്രമവുമായി ഒടുവിൽ വന്നത് സഖാവ് പി. രാജീവാണ്.

മാർക്സിന്റെ പ്രശസ്തമായ ആ വരികളുടെ പരിഭാഷയിൽ പല പ്രശ്നങ്ങളും കടന്നുവന്നിട്ടുണ്ട് എന്നാണ് അദ്ദേഹം പറയാൻ ശ്രമിക്കുന്നത്. 'Opium of the people' എന്നത് 'ജനതയുടെ കറുപ്പാണ്' എന്ന് പറഞ്ഞു വെക്കുന്ന അദ്ദേഹം കമ്യൂണിസ്റ്റുകൾ ഇതുവരെ മലയാളത്തിൽ കൊടുത്ത പരിഭാഷ മുഴുവൻ തെറ്റാണ് എന്ന് പറയാനും മുതിരുന്നു. അതായത് 'മനുഷ്യനെ മയക്കും കറുപ്പ്,' 'മനുഷ്യനെ മയക്കുന്ന മരുന്ന്' എന്നീ പ്രയോഗങ്ങൾ അതിന്റെ ശരിയായ പരിഭാഷ അല്ല എന്നാണദ്ദേഹം പറഞ്ഞു വെക്കുന്നത്. പരിഭാഷയുടെ പ്രശ്നം എന്ന നിലയ്ക്ക് അതിനെ അവതരിപ്പിക്കുമ്പോഴും അദ്ദേഹം ചെയ്ത ഏറ്റവും വലിയ വിഡ്ഢിത്തം പരിഭാഷയെ മുഴുവൻ ഇംഗ്ലീഷ് പരിഭാഷയെ മൂലകൃതിയായി കണ്ടുകൊണ്ട് വിമർശിക്കാൻ നോക്കി എന്നതാണ്.

കാറൽ മാർക്സിന്റെ 'Critique of Hegel's Philosophy of Right' അല്ലെങ്കിൽ മലയാളത്തിൽ 'ഹെഗലിന്റെ നിയമ ദർശനത്തെപ്പറ്റിയുള്ള നിരൂപണത്തിന് ഒരു സംഭാവന' എന്നൊക്കെ പറയാവുന്ന ലേഖനത്തിന്റെ മൂലകൃതി യഥാർഥത്തിൽ ജർമൻ ഭാഷയിലാണ്. 1843ൽ 'Zur Kritik der Hegelschen Rechtsphilosophie' എന്ന തലക്കെട്ടിലാണ് മാർക്സ് ഇത് എഴുതുന്നത്. മറ്റു പല പുസ്തകങ്ങളെയും പോലെത്തന്നെ ഇതും പ്രസിദ്ധീകരിക്കപ്പെട്ടത് മാർക്സിന്റെ മരണശേഷമാണ്. അതിലെ പ്രസിദ്ധമായ 'Die Religion... ist das Opium des Volkes' എന്ന വരികളുടെ പരിഭാഷയെയാണ് പോരായ്മകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് പി. രാജീവ് വിമർശിക്കാൻ ശ്രമിക്കുന്നത്.

മൂലകൃതി ജർമൻ ഭാഷയിൽ ആണെന്നറിഞ്ഞിട്ടോ അല്ലാതെയോ അദ്ദേഹം ഇംഗ്ലീഷ് പരിഭാഷയെ കേന്ദ്രീകരിച്ചുകൊണ്ട് പരിഭാഷയുടെ തെറ്റുകുറ്റങ്ങൾ നിരത്തുന്നുണ്ട്. മാർക്സിസത്തിന്റെ മതവിമർശനങ്ങൾ മുഴുവൻ ആ വാക്കുകളുടെ ചുറ്റും കറങ്ങിത്തിരിഞ്ഞു എന്നാണ് അദ്ദേഹം പരിഭവം പറയുന്നത്. ഇതും യഥാർഥത്തിൽ ശരിയല്ല. മാർക്സിസത്തിന്റെ മൗലികമായ ആദർശത്തിൽ നിന്നുകൊണ്ട് തന്നെ അതിനെ വിമർശനവിധേയമാക്കിയ ധാരാളം പഠനങ്ങൾ കേരളത്തിൽ മതവിശ്വാസികളുടെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ട്. എത്രയോ സംവാദങ്ങളും ഉണ്ടായിട്ടുണ്ട്. ആ വസ്തുത നിലനിൽക്കെ ചരിത്രത്തോട് നീതി പുലർത്താത്ത അത്തരം വാക്കുകൾ കൊണ്ട് മാർക്സിസത്തിനെതിരായ വിമർശനങ്ങളെ മറച്ചുപിടിക്കാൻ സാധിക്കില്ല എന്ന് അദ്ദേഹം മനസ്സിലാക്കണം.

ഇനി എന്തുകൊണ്ട് 'കറുപ്പ്' പ്രയോഗം കൂടുതൽ ഉപയോഗിക്കപ്പെടുന്നു എന്ന് ചോദിച്ചാൽ മാർക്സിസം മതങ്ങളെ എങ്ങനെ കാണുന്നു എന്നതിന് വ്യക്തമായ ഉത്തരം നൽകുന്ന വചനമാണ് അത് എന്നതാണ് നേർക്കുനേരെയുള്ള ഉത്തരം. മനുഷ്യമോചന പ്രത്യയശാസ്ത്രം എന്ന നിലയിൽ മനുഷ്യജീവിതത്തിൽ ഇടപെടുന്ന മതങ്ങളെക്കുറിച്ച് മാർക്സിസത്തിന് നിലപാട് ഉണ്ടാവുക സ്വാഭാവികമാണ്. ആ നിലപാടുകളുടെ ഒരു സംക്ഷിപ്തരൂപം ഈ വാക്കുകളിൽ നിന്ന് കിട്ടും എന്നത് കൂടിയാവാം അത് കൂടുതൽ പ്രയോഗിക്കപ്പെടാൻ കാരണം. പി രാജീവിന്റെ അഭിപ്രായത്തിൽ ആ വിമർശനത്തിൽ 'കറുപ്പിന്' ഗുണാത്മകവും നിഷധാത്മകവുമായ സവിശേഷതകൾ ഉണ്ട്, പക്ഷേ, വിമർശകർ അത് മറന്നു എന്നു പറയുന്നുണ്ട്. ആ വിമർശനത്തെക്കുറിച്ച് പറയും മുമ്പ് പ്രസ്തുത വാക്കുകളെ നമുക്കൊന്ന് പരിശോധിക്കാം:

'മർദിതരുടെ നെടുവീർപ്പാണ് മതം. ഹൃദയശൂന്യമായ ലോകത്തിന്റെ ഹൃദയമാണത്. ചൈതന്യരഹിത അവസ്ഥയിലെ ചൈതന്യമാണത്. അത് ജനങ്ങളെ മയക്കുന്ന കറുപ്പ് ആണ്" (മാർക്സ്, ഹെഗലിന്റെ നിയമ ദർശനത്തെപ്പറ്റിയുള്ള നിരൂപണത്തിന് ഒരു സംഭാവന).

രാജീവ് പറഞ്ഞ പോലെ ഇതും പരിഭാഷയാണ്. ഈ പരിഭാഷ പ്രശസ്ത മാർക്സിസ്റ്റ് ദാർശനികനായ ദേബി പ്രസാദ് ചതോബാദ്ധ്യായയുടെ, ചിന്ത പബ്ലിക്കേഷൻസ് മലയാളത്തിൽ പ്രസിദ്ധീകരിച്ച 'ഇന്ത്യൻ നിരീശ്വരവാദം' എന്ന പുസ്തകത്തിൽ നിന്നെടുത്തിട്ടുള്ളതാണ്. പ്രശ്നം കറുപ്പുമായി ബന്ധപ്പെട്ടതിനാൽ പരിഭാഷ ഇവിടെ ഒരു പ്രശ്നമല്ലല്ലോ. മാർക്സിനു മുമ്പും മതത്തെ കറുപ്പിനോട് ഉപമിച്ചവർ ഉണ്ടായിട്ടുണ്ട് എന്നുകൂടി ഇവിടെ ഓർക്കേണ്ടതുണ്ട്; ജർമൻ ഭാഷയിൽ തന്നെ. ജർമൻ ഫിലോസഫറായ നൊവാലിസും ജർമൻ കവിയായിരുന്ന ഹെയ്ൻറിച് ഹെയ്നും ഇതേ അഭിപ്രായം പറഞ്ഞവരാണ്.

നമുക്ക് മാർക്സിലേക്ക് വരാം. ഈ വാക്കുകളിൽ മതത്തെ മാർക്സ് വളരെ പോസിറ്റീവ് ആയി കാണുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. അടിച്ചമർത്തപ്പെട്ട സമൂഹത്തിന് വേണ്ടി ശബ്ദിച്ച അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മതത്തിന്റെ അത്തരമൊരു പോസിറ്റീവ് വശം കാണാതെ പോവുക എന്നത് സത്യസന്ധമായ വിമർശനം ആയിരിക്കുകയില്ലല്ലോ. മാർക്സ് കണ്ട മതത്തിന്റെ നന്മകൾ അത് അടിച്ചമർത്തപ്പെട്ടവന് ആശ്വാസം നൽകുന്നു എന്നതാണ്. ഈ ലോകത്ത് പ്രയാസങ്ങളുണ്ടെങ്കിലും വരാനുള്ള ലോകത്ത് നീതി ലഭിക്കുമെന്ന പ്രതീക്ഷ അത് മനുഷ്യന് സമ്മാനിക്കുന്നു. എങ്കിലും അത് കറുപ്പ് കൂടിയാണ്. മനുഷ്യനെ മയക്കുന്ന കറുപ്പ്. ആ പ്രയോഗം വഴി മതമെന്ന ആശയത്തിന്റെ 'നിരർഥകത' ജനങ്ങളെ ബോധ്യപ്പെടുത്താനാണ് മാർക്സ് ശ്രമിക്കുന്നത്. ലഹരി കൃത്രിമമായ ഒരു ലോകം നമുക്ക് മുന്നിൽ സൃഷ്ടിക്കുമല്ലോ. അത്തരം കൃത്രിമമായ ആശ്വാസമാണ് മതം നൽകുന്നത് എന്നും മനുഷ്യന്റെ യഥാർഥ പ്രശ്നങ്ങൾ മതം മനുഷ്യനിൽ നിന്ന് മറച്ചുപിടിക്കുന്നുവെന്നുമാണ് മാർക്സ് പറഞ്ഞതിന്റെ

സാരം. കേവല യുക്തിവാദികളിൽ നിന്ന് മാർക്സിയൻ ഭൗതികവാദികളെ വേർതിരിക്കുന്നത് മാർക്സിസത്തിന്റെ ഈ വീക്ഷണമാണ്. അവർ മതത്തെ തീവ്രമായി എതിർക്കുകയോ ശത്രു പക്ഷത്തു നിർത്തുകയോ ചെയ്യുന്നില്ല. മറിച്ച് അതൊരു ലഹരിയാണ് എന്ന് മനുഷ്യനെ ഉൽബോധിപ്പിക്കാനുള്ള ശ്രമങ്ങളാണ് അവർ നടത്തുന്നത്.

ഇത് നിഷേധാത്മകമാണ് എന്ന വാദം പി. രാജീവിന് ഉണ്ടായേക്കാം. അതിന്റെ ഗുണാത്മക പ്രയോഗം കറുപ്പ് ആ കാലഘട്ടത്തിൽ വേദനാസംഹാരിയായി ഉപയോഗിച്ചിരുന്നു എന്നുള്ളതാണ്. അതായത് മതം മനുഷ്യന്റെ വേദനകൾ മാറ്റുന്ന വേദനാസംഹാരിയായി വർത്തിക്കുന്നുവെന്നുള്ള അർഥം ആ വാക്കുകൾക്ക് കൽപിക്കാം എന്ന്. പക്ഷേ, വേദനാസംഹാരികൾ ഒരിക്കലും രോഗം ഭേദമാക്കുകയില്ല എന്ന് നമുക്കറിയാമല്ലോ. മറിച്ച് അത് താൽക്കാലിക ആശ്വാസം നൽകുക മാത്രമാണ് ചെയ്യുന്നത്. മതം വേദനസംഹാരിയാണ് എന്ന് പറയുക വഴി മനുഷ്യന്റെ പ്രയാസങ്ങളെ ദൂരീകരിക്കാൻ മതത്തിൽ പരിഹാരങ്ങളില്ല, മറിച്ച് അത് താൽക്കാലിക ആശ്വാസം മാത്രം നൽകുന്നു എന്ന് മാർക്സ് പറയാൻ ശ്രമിച്ചു എന്നല്ലേ അതിനർഥം?

ഇനി, ഈ ആശങ്കളുടെയും വ്യാഖ്യാനങ്ങളുടെയും ഒന്നും ആവശ്യമില്ല; ഇതിനെ തുടർന്ന് മാർക്സ് പറഞ്ഞ വരികൾ കൂടി നാം വായിക്കുകയാണെങ്കിൽ. അതിങ്ങനെയാണ്:

'ജനങ്ങളുടെ മിഥ്യാസുഖമായ മതത്തെ ഇല്ലാതാക്കുന്നത് അവരുടെ യഥാർഥ സുഖത്തിന് ആവശ്യമാണ്. ഈ അവസ്ഥയെക്കുറിച്ചുള്ള വ്യാമോഹങ്ങൾ ത്യജിക്കാനുള്ള ആഹ്വാനം, ഈ വ്യാമോഹങ്ങൾ ആവശ്യമാക്കുന്ന സ്ഥിതി ത്യജിക്കാനുള്ള ആഹ്വാനമാണ്. അതിനാൽ മത്തെക്കുറിച്ചുള്ള വിമർശനം ദുഃഖസാഗരത്തെക്കുറിച്ചുള്ള വിമർശനത്തിന്റെ ഭ്രൂണരൂപമാണ്. ഈ ദുഃഖസാഗരത്തിന്റെ പരിവേഷമത്രെ മതം.

വിമർശനം ചങ്ങലയിൽ നിന്ന് സാങ്കൽപിക പുഷ്പങ്ങളെ പറിച്ചെടുക്കുന്നത്, മനുഷ്യൻ മിഥ്യാബോധമോ ആശ്വാസമോ കൂടാതെ ചങ്ങല അണിയുമെന്ന് കരുതിയിട്ടല്ല. മറിച്ച്, അവൻ ചങ്ങല പൊട്ടിച്ചെറിഞ്ഞു ജീവനുള്ള പൂവിറുക്കുമെന്നു കരുതിയാണ്. മതത്തിന്റെ വിമർശനം, മനുഷ്യനെ മിഥ്യയിൽ നിന്നും മുക്തനും പ്രജ്ഞയിലേക്ക് വന്നവനുമായ ഒരാളെപ്പോലെ, ചിന്തിപ്പിക്കാനും പ്രവർത്തിപ്പിക്കാനും അവന്റെ യാഥാർഥ്യം രൂപപ്പെടുത്താനും ശക്തനാക്കുന്നു. അതുകൊണ്ട് അവൻ തനിക്ക് ചുറ്റും, തന്റെ സത്യസൂര്യനു ചുറ്റും പ്രദക്ഷിണം വെക്കും. മനുഷ്യൻ തനിക്ക് ചുറ്റും പ്രദക്ഷിണം വെക്കാത്തിടത്തോളം കാലം മാത്രം മനുഷ്യന് ചുറ്റും കറങ്ങുന്ന മിഥ്യാസൂര്യനാണ് മതം" (അതേ പുസ്തകം, പ്രസ്തുത വചനത്തിന് ശേഷമുള്ള ഭാഗം).

കൃത്യമാണ് കാര്യങ്ങൾ. കറുപ്പിനെ ഏത് പരിഭാഷ കൊണ്ട് അളന്നാലും മാർക്സ് ശേഷം പറഞ്ഞ കാര്യങ്ങളിൽ നിന്ന് മതമെന്നത് മനുഷ്യന് മിഥ്യാസുഖം നൽകുന്ന ഒന്നാണ് എന്നും അതിനെ ഇല്ലാതെയാക്കുക എന്നത് അവന്റെ യഥാർഥ സുഖത്തിന്, മാർക്സിസം മുന്നോട്ട് വെക്കുന്ന മോചനത്തിന് അത്യന്താപേക്ഷിതമാണ് എന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബാക്കിയുള്ള അധരവ്യായാമങ്ങൾ എല്ലാം വൃഥാവിലാകുന്നതും അതുകൊണ്ടാണ്. കമ്യൂണിസത്തിലേക്കുള്ള പ്രയാണത്തിൽ സമൂഹത്തിലെ ഭൂരിപക്ഷമായ വിശ്വാസികളുടെ കണ്ണുകളിൽ ഇത്തരം നുറുങ്ങുവിദ്യകൾ കൊണ്ട് അന്ധകാരം സൃഷ്ടിക്കാം എന്നത് വ്യാമോഹമാകുന്നതും അതുകൊണ്ടാണ്. ലെനിനെ കൂടി വായിച്ചാൽ അത് നമുക്ക് ഒന്നുകൂടി ബോധ്യമാവും:

"മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' മതത്തെ സംബന്ധിച്ചിടത്തോളം ഉള്ള മാർക്സിന്റെ പരിപൂർണ നിഗമനം ഈ സൂക്തത്തിൽ അടങ്ങിയിരിക്കുന്നു. ആധുനിക കാലഘട്ടത്തിലെ മതങ്ങളെയും പള്ളികളെയും എല്ലാതരത്തിലുമുള്ള മതസംഘടനകളെയും തൊഴിലാളി വർഗത്തെ ചൂഷണം ചെയ്യാനും അവരെ കൃത്രിമ ലഹരിയിലാഴ്ത്താനുമുള്ള ഉപകരണങ്ങൾ ആയിട്ടാണ് മാർക്സിസം കരുതുന്നത്"(മതത്തോടുള്ള തൊഴിലാളിവർഗ പാർട്ടിയുടെ സമീപനം: ലെനിൻ).

ഇനി ആകെയുള്ളത് ഈ വാദങ്ങളുടെ സമ്മതമാണ്. അതായത് മതമെന്നത് ലഹരിയല്ലേ എന്ന തിരിച്ചുള്ള ചോദ്യം. അത് മറ്റൊരു വിഷയമാണ്. അതിന് മതം മാർക്സിസത്തിനെതിര് നിൽക്കുന്ന ആദർശമാണ് എന്ന ബോധ്യം ഉണ്ടാകേണ്ടതുണ്ട്. വിശ്വാസികളായ പാർട്ടി പ്രവർത്തകർക്ക് അവരുടെ 'ഞാനൊരു കമ്യൂണിസ്റ്റാണ്' എന്ന വിശേഷണം അബദ്ധജഡിലമാണ് എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതുണ്ട്. അവിടെ നിന്ന് നമുക്ക് മതത്തിന്റെ ലഹരിയെക്കുറിച്ച് സംവദിച്ചു തുടങ്ങാം.

സി.വി കോഴിക്കോട്
mail@nerpatham.com

ലേഖനം



# ജനിതക പഠനത്തിലൂടെ ജഗന്നാഥനിലേക്ക്

കുറച്ചു ദിവസങ്ങൾക്ക് മുമ്പ് ഒരു കൊളേജ് പ്രിൻസിപ്പലുമായി സംഭാഷണത്തിലേർപ്പെടുകയുണ്ടായി. ജനിതക ശാസ്ത്ര (genetics) വിഷയത്തിൽ ഡോക്ടറേറ്റ് ലഭിച്ച മധ്യവയസ്കനായ അദ്ദേഹം, സംഭാഷണ മധ്യെ ജനിതക ശാസ്ത്രത്തെ കുറിച്ച് സംസാരിക്കുകയുണ്ടായി. അതുവരേക്കും ജനിതകശാസ്ത്രത്തെ കുറിച്ച് കേട്ടുകേൾവി പോലുമില്ലാത്ത എന്നെ സംബന്ധിച്ചിടത്തോളം വിഷയം കൗതുകമുണർത്തുന്നതായിരുന്നു. ഒരു കുഞ്ഞ് ഭൂമിയിലേക്ക് പിറന്നുവീഴുന്നതിന് ഏകദേശം 250 ദിവസങ്ങൾക്ക് മുമ്പ് ആ കുട്ടിയെ ഗർഭംധരിച്ച മാതാവിന്റെ ഉദിരത്തിൽ രൂപപ്പെടുന്ന ഭ്രൂണത്തിന്റെ ഒരു അംശം ഉപയോഗിച്ച് genetics പഠനത്തിലൂടെ ആ കുട്ടിക്ക് ഭാവിയിൽ സംഭവിച്ചേക്കാവുന്ന രോഗങ്ങളെക്കുറിച്ചും ദേഹഭംഗങ്ങളെക്കുറിച്ചും മറ്റും അറിയാൻ പറ്റുമത്രെ! അഥവാ, ഒരു മനുഷ്യന്റെ ജീവിതായുസ്സിൽ ജനിതകമായി വന്ന് ഭവിച്ചേക്കാവുന്ന സംഭവങ്ങൾ

മനുഷ്യൻ പിറക്കും മുമ്പേ തീരുമാനിക്കപ്പെട്ടിട്ടുണ്ട് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാമെന്ന അദ്ദേഹത്തിന്റെ സംസാരം കേൾക്കവെ ഹൃദയാന്തരാളങ്ങളിൽനിന്നും എന്റെ ചിന്തകളെഴുന്നേറ്റ് നീങ്ങിയെത്തിയത് ഇസ്‌ലാമിന്റെ 'ക്വദ്ർ' എന്ന ആശയത്തിലേക്കാണ്. ഇസ്‌ലാമിന്റെ വിശ്വാസകാര്യങ്ങളിൽ അടിസ്ഥാനപരമായ ഒന്നായ ക്വദ്റിനെ കുറിച്ച് നമുക്കൊന്ന് ചെറുതായി ചർച്ച ചെയ്യാം.

### എന്താണ് ക്വദ്ർ?

മഹാനായ ഇബ്നുൽക്വയ്യിം(റഹി) ക്വദ്റിനെ കുറിച്ചുള്ള സൂറതുത്ത്വലാക്വിലെ മൂന്നാം വചനം വിവരിക്കുന്നിടത്ത് ഇപ്രകാരം പറയുന്നതായി കാണാം: "ഒരാൾ താൻ പറയുകയോ എഴുതുകയോ പ്രവർത്തിക്കുകയോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതിന്റെ രൂപം ആദ്യം മനസ്സുകൊണ്ടു കണക്കാക്കുകയും പിന്നീടത് പ്രയോഗത്തിൽ വരുത്തുകയുമാണല്ലോ ചെയ്യുക. അതുപോലെ, സൃഷ്ടികളെ സൃഷ്ടിക്കുന്നതിന് മുമ്പായി അവയുടെ തോതുവ്യവസ്ഥകൾക്ക് അല്ലാഹുവിന്റെ അറിവിലും നിശ്ചയത്തിലും ഒരു വ്യവസ്ഥയുണ്ടായിരിക്കുന്നതും പിന്നീടവയെ ആ അറിവിന്റെയും രേഖയുടെയും അടിസ്ഥാനത്തിൽ സൃഷ്ടിക്കുന്നതുമാകുന്നു."



'ക്വദ്ർ' എന്നാൽ വസ്തുതകൾ ഉണ്ടാകുന്നതിന് മുമ്പ് അല്ലാഹു അവയെപ്പറ്റി അറിയുകയും അവയെ സൃഷ്ടിക്കുന്നതിനു മുമ്പ് അവയെ രേഖപ്പെടുത്തി വെക്കലുമാകുന്നു" (അമാനി മൗലവിയുടെ തഫ്സീർ).

മഹാനായ ഇബ്നു കഥീർ(റഹി) അദ്ദേഹത്തിന്റെ തഫ്സീറിൽ 'ക്വദ്റി'നു നിർവചനം നൽകുന്നത് ഇങ്ങനെയാകുന്നു: "കാര്യങ്ങൾ സംഭവിക്കുന്നതിനു മുമ്പ് അതിനെക്കുറിച്ച് അല്ലാഹു അറിയലും അവയെ സൃഷ്ടിച്ചുണ്ടാക്കുന്നതിനു മുമ്പ് അവയെ അവൻ രേഖപ്പെടുത്തലുമാകുന്നു അത്."

ഭൂമിയുടെയും അതിലടങ്ങുന്ന ജന്തുജീവജാലങ്ങൾ അടക്കം സകലതിന്റെയും സ്രഷ്ടാവ് അവയുടെ സൃഷ്ടിപ്പിന് മുമ്പായിത്തന്നെ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സാരം.

യുക്തിവാദത്തിന്റെ പ്ലാറ്റ്ഫോമിൽ ടിക്കറ്റെടുത്ത് പാളംതെറ്റി വരുന്ന എല്ലാ ഇസ്‌ലാം വിമർശന വണ്ടിയിലും പാഞ്ഞുകയറുന്ന നിർമത വാദികൾ ഇസ്‌ലാമിന്റെ 'ക്വദ്ർ' വിശ്വാസത്തെ കൊഞ്ഞനംകുത്തുന്നതായി എക്കാലത്തും കണ്ടിട്ടുണ്ട്. അല്ലാഹു എല്ലാം മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പിന്നെ എന്തിനാണ് നാം ജീവിക്കുന്നതെന്നും ഈ വസ്തുത ജനങ്ങളെ അറിയിച്ചത് എന്തിനു വേണ്ടിയാണ് എന്നും തുടങ്ങിയ ചോദ്യങ്ങളൊക്കെ ഇക്കൂട്ടർ ഉയർത്താറുണ്ട്.

ക്വുർആൻ അന്നുതന്നെ ഇതിന് കൃത്യമായ മറുപടി നൽകിയിട്ടുണ്ട്: "(ഇങ്ങനെ നാം ചെയ്തത്,) നിങ്ങൾക്കു നഷ്ടപ്പെട്ടതിന്റെ പേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും നിങ്ങൾക്ക് അവൻ നൽകിയതിന്റെ പേരിൽ നിങ്ങൾ ആഹ്ലാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല"(57:23).

എല്ലാം അല്ലാഹു കണക്കാക്കിയതാണെന്ന് ബോധ്യപ്പെട്ട് ഉൾക്കൊണ്ടാൽ പിന്നെ നഷ്ടം ബാധിച്ച കാരണത്താൽ സങ്കടത്തിലാഴാൻ അവകാശമില്ല. നേട്ടം ലഭിച്ച വേളയിൽ ആഹ്ലാദത്താൽ അഹങ്കരിക്കാനും അവകാശമില്ല. ഇവിടെ, അല്ലാഹു കണക്കാക്കിയതാണെന്ന് ബോധ്യപ്പെടുകയെന്നതാണ് കാതലായ വശം. അതിന്, മുകളിൽ ഉദ്ധരിച്ച ഇമാം ഇബ്നുൽ ക്വയ്യിമിന്റെ വാക്കുകൾ മനസ്സിരുത്തി വായിച്ചാൽ മതി. ഒരു വാഹനം നിർമിക്കുന്ന കമ്പനി നിർമാണത്തിന് മുമ്പുതന്നെ അത് എപ്രകാരമായിരിക്കണമെന്നതടക്കം അതിന്റെ എല്ലാ വശങ്ങളും മുൻകൂട്ടി വ്യ

ക്തമായി തീരുമാനിച്ച ശേഷമാണല്ലോ നിർമാണത്തിനൊരുങ്ങുക. എങ്കിൽ ഈ പ്രപഞ്ചത്തിന്റെ തന്നെ സ്രഷ്ടാവ് ഓരോ സൃഷ്ടിയുടെയും സൃഷ്ടിപ്പിന് മുമ്പ് എല്ലാം തീരുമാനിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെന്ന ക്വദ്‌റിലെ വിശ്വാസമെങ്ങനെയാണ് നിരർഥകമാവുക? സ്രഷ്ടാവുണ്ടെന്ന വാദം മനസ്സിന്റെ അകത്തളത്തിലെവിടെയോ ഇരമ്പുന്നത് കൊണ്ടാണല്ലൊ 'സ്രഷ്ടാവ് എല്ലാം തീരുമാനിച്ചിട്ടുണ്ടെങ്കിൽ പിന്നെ' എന്ന ചോദ്യം തന്നെ ഉയരുന്നതും. അപ്പോൾ പിന്നെ സ്രഷ് ടാവ് സൃഷ്ടിയെ കുറിച്ച് മുമ്പേ വിധിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുന്നതല്ലേ നല്ലത്?

"ഭൂമിയിലോ നിങ്ങളുടെ ദേഹങ്ങളിൽ തന്നെയോ യാതൊരു ആപത്തും ബാധിക്കുകയുണ്ടായിട്ടില്ല; അതിനെ നാം ഉണ്ടാക്കുന്നതിന് മുമ്പ് തന്നെ ഒരു രേഖയിൽ ഉൾപ്പെട്ടുകഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം എളുപ്പമുള്ളതാകുന്നു" (ക്വുർആൻ 57:22).

## ക്വദ്‌രിയാക്കളും ജബ്‌രിയാക്കളും


സ്വഹാബിമാരുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന 'യുക്തിവാദി'കളായിരുന്നു ക്വദ്‌രിയാക്കൾ. മനുഷ്യന്റെ പ്രവർത്തനം അവന്റെ കഴിവുകൊണ്ടാണെന്ന് വാദിക്കുന്ന കക്ഷികളാണ് അവർ. ശാസ്ത്ര, സാങ്കേതിക വിദ്യകൾ ബീജം പ്രാപിക്കാത്ത കാലഘട്ടത്തിൽ ഉടലെടുത്ത യുക്തിവാദികളായ ക്വദ് രിയാക്കൾ ഈ കാലത്ത് ജീവിക്കുകയാണെങ്കിലുള്ള അവസ്ഥ എന്തായിരിക്കും?

ജനിതകശാസ്ത്രത്തിന്റെ പഠനം ആരംഭിക്കുന്നത് യഥാർഥത്തിൽ 1800കൾക്ക് ശേഷമാണ്. ക്വദ്‌രിയാക്കൾ പെറ്റുവീണ കാലത്ത് ജനിതകശാസ്ത്രം ആരുടെയും ചിന്തയിൽ പോലും രൂപംകൊണ്ടിട്ടില്ല എന്നർഥം. അന്നത്തെ യുക്തിവാദികളായ ക്വദ്‌രിയാക്കൾ ഇന്ന് ഉണ്ടായിരുന്നുവെങ്കിൽ അവർക്ക് തെളിയിക്കപ്പെട്ട ജനിതകശാസ്ത്രത്തെ പോലും എതിർക്കേണ്ടിവരുമായിരുന്നില്ലേ? മനുഷ്യന്റെ പ്രവർത്തനം അവന്റെ മാത്രം കഴിവുകൊണ്ടാണെന്ന് വാദിക്കുന്ന ഇക്കൂട്ടരോട്, ജനിതകശാസ്ത്ര പഠനത്തിലൂടെ ഒരാൾ പിറക്കുന്നതിന് മുമ്പ് അവന്റെ ജനിതകത്തിൽ ഇന്നയിന്ന രോഗം പിടിപെടാൻ സാധ്യതയുണ്ടെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട് എന്നു പറഞ്ഞാൽ എന്താകും പ്രതികരണം?

ജബ്‌രിയ്യത്തിന്റെ അഭിപ്രായ പ്രകാരം അല്ലാഹു കണക്കാക്കിയ കാര്യങ്ങൾ സംഭവിക്കുന്നതു കണ്ണടച്ച് കാത്തിരിക്കുകയല്ലാതെ, തങ്ങളുടെ നന്മക്കോ വിജയത്തിനോ വേണ്ടി മനുഷ്യൻ ഒന്നും പ്രവർത്തിക്കേണ്ടതായിട്ടില്ല. ക്വദ്‌റിനെ നിഷേധിക്കുന്ന നിലപാടിനെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. അല്ലാഹുവിൽനിന്നുമാണ് നന്മയെന്ന് ബോധ്യമുള്ളതോടുകൂടിത്തന്നെ, തങ്ങളുടെ നന്മക്കും വിജയത്തിനുമായി അല്ലാഹുവിന്റെ മാർഗനിർദേശങ്ങൾ ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്.

ഇസ്‌ലാമിനെ വിമർശിക്കുന്ന യുക്തിവാദികൾക്ക് യഥാർഥത്തിൽ ഒരു അടിസ്ഥാനവുമില്ല. കാലഘട്ടത്തിനനുസരിച്ച് വിശ്വാസങ്ങളെ പാളംതെറ്റിച്ചുവിടാൻ ശ്രമിക്കുന്നതിനിടയിൽ കൂട്ടിമുട്ടിപൊളിയുന്ന, അവരുടെ പൂർവികർ പകർന്ന വിശ്വാസങ്ങൾക്കൊപ്പം ഊട്ടിയുറക്കപ്പെടുന്നത് ഇസ്‌ലാമിന്റെ വിധി നിയമം സമ്മാനിക്കുന്ന സുരക്ഷിത ബോധം കൂടിയാണ്.

ഉദരത്തിൽ ഉയിർകൊള്ളുന്ന ഭ്രൂണത്തിൽ നിന്നും വരാനിരിക്കുന്ന സ്വാഭാവിക ദേഹഭംഗങ്ങളെ കുറിച്ച് ശാസ്ത്ര വിദ്യയിലൂടെ മനുഷ്യന് പറയാൻ പറ്റുമെങ്കിൽ, മനുഷ്യനടങ്ങുന്ന പ്രപഞ്ചവും പ്രപഞ്ചമടങ്ങുന്ന സകലതും പടച്ചവൻ താനാണെന്ന് അവകാശപ്പെടുന്ന അല്ലാഹുവിന് അവന്റെ സൃഷ്ടികളെ കുറിച്ചുള്ള ജ്ഞാനം മുമ്പേ ഉണ്ടെന്ന് വിശ്വസിക്കുന്നതിലാണ് മനുഷ്യന്റെ ചിന്തകൾ പൂർണമാകുന്നത്.



അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 20

# വിട്ടുവീഴ്ചയും ധീരതയും



ഔദാര്യം ചെയ്യലും കൊള്ളക്കൊടുക്കലുകളിൽ ഇടപാടുകാർക്ക് കാര്യങ്ങൾ എളുപ്പമാക്കി കൊടുക്കലും വ്യാപാരം സുതാര്യമാക്കലും ആധിപത്യ മനഃസ്ഥിതി ഒഴിവാക്കലും വിട്ടുവീഴ്ചാ മനസ്സിന്റെ ലക്ഷണങ്ങളാണ്. അത്തരക്കാർക്കുവേണ്ടി ദുആചെയ്തു കൊണ്ട് തിരുനബി ﷺ ഇപ്രകാരം പറഞ്ഞു:

"വിൽപന നടത്തുകയായാലും വാങ്ങുകയായാലും തന്റെ അവകാശം വീട്ടുവാൻ ആവശ്യപ്പെടുകയായാലും വിട്ടുവീഴ്ചാ മനഃസ്ഥിതിയോടെ വർത്തിക്കുന്ന വ്യക്തിയോട് അല്ലാഹു കരുണകാണിക്കട്ടെ"(ബുഖാരി).

കടം കൊണ്ടവർ ഞെരുക്കമനുഭവിക്കുന്നവരാണെങ്കിൽ കടം കൊടുത്തവരോട് വിട്ടുവീഴ്ച ചെയ്യുവാനും ഇട നൽകുവാനും അല്ലാഹു കൽപിച്ചു:

“ഇനി(കടം വാങ്ങിയവരിൽ) വല്ല ഞെരുക്കക്കാരനും ഉണ്ടായിരുന്നാൽ (അവന്ന്) ആശ്വാസമുണ്ടാകുന്നത് വരെ ഇടകൊടുക്കേണ്ടതാണ്. എന്നാൽ നിങ്ങൾ ദാനമായി (വിട്ടു) കൊടുക്കുന്നതാണ് നിങ്ങൾക്ക് കൂടുതൽ ഉത്തമം; നിങ്ങൾ അറിവുള്ളവരാണെങ്കിൽ”(ക്വുർആൻ 02:280).

കടം കൊണ്ടവർക്ക് ഇടകൊടുക്കുകയും ഞെരുക്കമനുഭവിക്കുന്നവർക്ക് വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുന്നവരുടെ മഹത്ത്വമറിയിക്കുന്ന ഏതാനും തിരുമൊഴികൾ:

“അന്ത്യനാളിന്റെ പ്രയാസങ്ങളിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തലും അല്ലാഹുവിന്റെ അർശിന് താഴെ (അല്ലാഹു) തണലേകലും ആരെയെങ്കിലും സന്തോഷിപ്പിക്കുന്നുവെങ്കിൽ അവൻ ഒരു ഞെരുക്കമനുഭവിക്കുന്ന(കടബാധ്യതയുള്ള)വന് ഇട കൊടുക്കട്ടെ” (ത്വബ്റാനി. അൽബാനി സ്വഹീഹുൻ ലിഗ്വയ്‌രിഹി എന്ന് വിശേഷിപ്പിച്ചു).

മുസ്‌ലിമിന്റെ റിപ്പോർട്ടിൽ ഇപ്രകാരമുണ്ട്: “അല്ലാഹു, ആരെയെങ്കിലും അന്ത്യനാളിന്റെ പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നത് സന്തോഷിപ്പിക്കുന്നുവെങ്കിൽ അവൻ(കടം വാങ്ങിയ) ഞെരുക്കക്കാരന് ആശ്വാസം നൽകട്ടെ, അല്ലെങ്കിൽ കടം വിട്ടുകൊടുക്കട്ടെ.”

“ആരെങ്കിലും കടക്കാരനായ ഞെരുക്കക്കാരന് ഇടകൊടുത്താൽ, കടം പറഞ്ഞ അവധി എത്തുന്നതിന് മുമ്പുള്ള ഓരോ ദിനത്തിലും അയാൾക്ക് സ്വദക്വയുണ്ട്. കടം വീട്ടേണ്ട സമയമായി എന്നിട്ടും ഇടകൊടുത്ത് സഹായിച്ചാൽ അയാൾക്ക് ഓരോദിവസത്തിനും രണ്ടു ദിവസത്തിന്റെ സ്വദക്വയുണ്ട്” (മുസ്തദ്റകു ഹാകിം. ഹദീഥിനെ അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്).


“ഒരു സത്യവിശ്വാസിയുടെ ദുൻയവിയായ പ്രയാസങ്ങളിൽ ഒരു പ്രയാസത്തിന് ഒരാൾ ആശ്വാസം പകർന്നാൽ അയാളുടെ പരലോകത്തിലെ പ്രയാസങ്ങളിൽ ഒരു പ്രയാസത്തിന് അല്ലാഹു അയാൾക്ക് ആശ്വാസം നൽകുന്നതാണ്. ഞെരുക്കമനുഭവിക്കുന്ന ഒരു മുസ്‌ലിമിന്ന് ഒരാൾ എളുപ്പമാക്കിക്കൊടുത്താൽ അല്ലാഹു അയാൾക്ക് ഇഹത്തിലും പരത്തിലും എളുപ്പമാക്കിക്കൊടുക്കുന്നതാണ്. ഒരു മുസ്‌ലിമിന്റെ (ന്യൂനത) ഒരാൾ മറച്ചുവെച്ചാൽ, അല്ലാഹു അയാളുടെ ഇഹത്തിലെയും പരത്തിലെയും (ന്യൂനതകൾ) മറക്കുന്നതാണ്. അല്ലാഹു ഒരു അടിമയുടെ സഹായിയാണ്; അയാൾ തന്റെ സഹോദരനെ സഹായിക്കുന്ന കാലത്തോളം”(മുസ്‌ലിം).

ജനങ്ങൾക്ക് വിട്ടുവീഴ്ച ചെയ്തവരുടെ സ്ഥാനവും മഹത്ത്വവുമറിയിക്കുന്ന ചില സംഭവങ്ങൾ ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അബൂഹുറയ്റ﷜യിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: “ഒരാൾ ജനങ്ങൾക്ക് കടം നൽകാറുായിരുന്നു. അയാൾ തന്റെ ഭൃത്യനോട് പറയാറുണ്ടായിരുന്നു: നീ ഒരു ഞെരുക്കക്കാരനെ കണ്ടാൽ അയാൾക്ക് കടം വിട്ടുകൊടുക്കുക. ഒരുവേള അല്ലാഹു നമുക്ക് വിട്ടുവീഴ്ച നൽകിയേക്കാം. അങ്ങനെ അയാൾ (മരണത്തിലൂടെ) അല്ലാഹുവെ കണ്ടുമുട്ടി. അല്ലാഹു അയാൾക്ക് വിട്ടുവീഴ്ചയും മാപ്പും നൽകി” (ബുഖാരി, മുസ്‌ലിം).

അബൂഹുറയ്റ﷜ തന്നെ നിവേദനം ചെയ്യുന്ന മറ്റൊരു ഹദീഥിൽ ഇപ്രകാരം ഒരു സംഭവമുണ്ട്:

“പുണ്യം ഒട്ടും ചെയ്തിട്ടില്ലാത്ത ഒരു വ്യക്തി; ജനങ്ങൾക്ക് അയാൾ കടം നൽകാറുായിരുന്നു. അയാൾ തന്റെ ദൂതനോട് പറയും: നീ സാധ്യമായത് സ്വീകരിക്കുക. ശ്രമകരമായത് ഉപേക്ഷിക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക. അല്ലാഹു ഒരുവേള നമുക്ക് വിട്ടുവീഴ്ച നൽകിയേക്കാം. അയാൾ





മരണം വരിച്ചപ്പോൾ അല്ലാഹു അയാളോടു ചോദിച്ചു: 'നീ വല്ലപുണ്യവും ചെയ്തിട്ടുണ്ടോ?' അയാൾ പറഞ്ഞു: 'ഇല്ല. പക്ഷേ, എനിക്കൊരു ഭൃത്യനുണ്ടായിരുന്നു. ഞാൻ ജനങ്ങൾക്കു കടം നൽകാറുമുായിരുന്നു. കടം തിരിച്ചു സ്വീകരിക്കുവാൻ ഞാൻ ഭൃത്യനെ നിയോഗിച്ചാൽ ഞാൻ അവനോടു പറയും: 'നീ സാധ്യമായത് സ്വീകരിക്കുക. ശ്രമകരമായത് ഉപേക്ഷിക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക. അല്ലാഹു ഒരു വേള നമുക്ക് വിട്ടുവീഴ്ച നൽകിയേക്കാം.' അല്ലാഹു പറഞ്ഞു: നിനക്കു ഞാൻ മാപ്പേകിയിരിക്കുന്നു"(ഹദീഥിനെ അൽബാനി ഹസനുൻ സ്വഹീഹ് എന്നു വിശേഷിപ്പിച്ചു).

### ധീരത

ആവശ്യമായി വരുമ്പോൾ പ്രതിസന്ധികൾക്കും പ്രയാസങ്ങൾക്കും നേരെയുള്ള മുന്നേറ്റവും ഭീതിജനകമായ സന്ദർഭങ്ങളിലുാകുന്ന മനോധൈര്യവും മരണത്തെ പ്രശ്നമാക്കാതിരിക്കലും ധീരതയാണ്. ഭയപ്പാടുള്ള വേളയിൽ ധീരതയുള്ളവന്റെ ഹൃദയം സുദൃഢവും അചഞ്ചലിതവുമായിരിക്കും. ധീരനായി ജീവിക്കുവാനും ദൗർബല്യത്തെ വിഗണിക്കുവാനും തിരുകൽപനയുണ്ട്. അബൂഹുറയ്റ﵁യിൽനിന്ന് നിവേദനം. തിരുദൂതർ ﷺ പറഞ്ഞു: "താങ്കൾക്ക് ഉപകാരപ്പെടുന്നതിൽ താങ്കൾ അമിത തൽപരത കാണിക്കുക. അല്ലാഹുവോട് സഹായാർഥന നടത്തുകയും ചെയ്യുക. ഒരിക്കലും ദുർബലനാകരുത്. താങ്കൾക്ക് വല്ലതും ബാധിച്ചാൽ 'ഞാൻ ഇങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇപ്രകാരമൊക്കെ ആകുമായിരുന്നു' എന്നു താങ്കൾ പറയരുത്. എന്നാൽ താങ്കൾ,'അല്ലാഹു ക്വദ്റാക്കിയതാണ് (നിർണയിച്ചതാണ്); അവനുദ്ദേശിച്ചത് അവൻ പ്രവർത്തിച്ചു' എന്ന് പറയുക. കാരണം 'ലൗ' (എങ്കിൽ) എന്നത് പിശാചിന്റെ പ്രവർത്തനത്തിന് തുടക്കം കുറിക്കും" (മുസ്‌ലിം).

സമാധാന സന്ദേശമായ ഇസ്‌ലാമിൽ ശത്രുക്കളെ കണ്ടുമുട്ടി ഒരു പോരാട്ടം ആഗ്രഹിക്കുന്നതിൽ വിലക്കുണ്ട്. എന്നാൽ ശത്രുവിനെ കണ്ടുമുട്ടിയാൽ ക്ഷമയവലംബിച്ച് അവനെ കൈകാര്യം ചെയ്യുവാൻ തിരുനബി ﷺ കൽപിച്ചിട്ടുണ്ട്.

അടർക്കളത്തിൽ ശത്രുവിനെ കണ്ടുമുട്ടി, ശത്രുവോട് മുഖാമുഖം നിലയുറപ്പിച്ചാൽ ഭീരുത്വം കയ്യൊഴിക്കുവാനും യുദ്ധം ചെയ്യുവാനും അല്ലാഹു കൽപിക്കുകയും പിന്തിരിഞ്ഞോടുന്നത് വിലക്കുകയും ചെയ്തു.

"സത്യവിശ്വാസികളേ, സത്യനിഷേധികൾ പടനയിച്ചെത്തി നിങ്ങളുമായി ഏറ്റുമുട്ടിയാൽ നിങ്ങൾ അവരിൽനിന്ന് പിന്തിരിഞ്ഞ് ഓടരുത്" (ക്വുർആൻ 8:15).

ജനങ്ങളിൽ വെച്ച് ഏറ്റവും ധീരനായിരുന്നു നബി ﷺ. അലിയ്യ്﵁ പറയുകയാണ്: "ഞങ്ങൾ ബദ്ർ യുദ്ധദിനം തിരുദൂതരെ മറയാക്കുമായിരുന്നു. തിരുദതരായിരുന്നു ശത്രുവോട് ഏറ്റവും അടുത്ത് നിലയുറപ്പിച്ചിരുന്നത്. അന്നാളിൽ ഏറ്റവും ശക്തമായി യുദ്ധം ചെയ്തത് തിരുമേനി ﷺയായിരുന്നു" (മുസ്നദു അഹ്മദ്. അർനാഊത് സ്വഹീഹെന്നു വിശേഷിപ്പിച്ചു).

ബർറാഅ് ഇബ്നു ആസിബി﵁നോട് ഒരാൾ ചോദിച്ചു: 'അബാഉമാറാ, ഹുനെയ്ൻ യുദ്ധദിനം നിങ്ങൾ അടർക്കളം വിട്ട് ഓടിയിരുന്നുവോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണേ, ഇല്ല. അല്ലാഹുവിന്റെ തിരുദൂതർ പിന്തിരിഞ്ഞ് ഓടിയിട്ടില്ല. എന്നാൽ തിരുമേനി ﷺയുടെ അനുചരന്മാരിൽ ആയുധങ്ങളോ മറ്റു വിഭവങ്ങളോ ഇല്ലാത്ത ചില യുവാക്കളും നിർധനന്മാരുമാണ് അടർക്കളം വിട്ടത്; അവർക്കാകട്ടെ ആയുധങ്ങൾ അല്ലെങ്കിൽ കൂടുതൽ ആയുധങ്ങളില്ലായിരുന്നു...'(മുസ്‌ലിം).

അനസ്ؓ പറയുന്നു: "നബിﷺ ജനങ്ങളിൽ ഏറ്റവും സുന്ദരനും ഔദാര്യവാനും ധീരനുമായിരുന്നു. ഒരുദിനം രാത്രി മദീനാവാസികൾ ഒരു ശബ്ദംകേട്ട് ഭീതിയിൽ അകപ്പെട്ടു. ശബ്ദത്തിനു നേരെ ജനങ്ങൾ ചെന്നു. അപ്പോൾ ജനങ്ങളെ തിരുനബിﷺ സ്വീകരിക്കുകയുായി. ജനങ്ങളെ മുൻകടന്ന് ആ ശബ്ദത്തിനടുത്ത് തിരുമേനി എത്തിയിരുന്നു. 'നിങ്ങൾ ഭയക്കേണ്ട. നിങ്ങൾ ഭയക്കേണ്ട' എന്ന് തിരുമേനി പറഞ്ഞുകൊണ്ടിരുന്നു"(ബുഖാരി).

ഭീരുത്വം വിശ്വാസിയുടെ ശത്രുവാണ്. ഭീരുത്വത്തെ തൊട്ട് നബിﷺ അല്ലാഹുവിൽ അഭയം തേടിയിരുന്നു. നബിക്ക് സേവകനായിരുന്നു അനസ്. തിരുദൂതരോടൊത്തുള്ള ജീവിതനാളുകളിൽ അവിടുന്ന് കൂടുതൽ ദുആ ചെയ്തിരുന്നത് കേട്ടതായി അനസ്ؓ പറയുന്നു:

"അല്ലാഹുവേ, മനോവ്യഥയിൽ നിന്നും ദുഃഖത്തിൽ നിന്നും അശക്തതയിൽനിന്നും അലസതയിൽ നിന്നും ഭീരുത്വത്തിൽനിന്നും പിശുക്കിൽനിന്നും കടഭാരത്തിൽനിന്നും ആളുകളുടെ മേൽകോയ്മയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു."

സെയ്ദ് ഇബ്നു അർക്വമിؓൽനിന്നു നിവേദനം; തിരുനബിﷺ ഇപ്രകാരം ദുആ ചെയ്യുമായിരുന്നു: "അല്ലാഹുവേ, അശക്തതയിൽനിന്നും അലസതയിൽനിന്നും ഭീരുത്വത്തിൽനിന്നും പിശുക്കിൽനിന്നും വാർധക്യത്തിൽനിന്നും ക്വബ്റിലെ ശിക്ഷയിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. അല്ലാഹുവേ, എന്റെ ശരീരത്തിന് അതിന്റെ ഭക്തി നീ നൽകേണമേ. നീ അതിനെ സംസ്കരിക്കേണമേ. നീ അതിനെ സംസ്കരിക്കുന്ന ഏറ്റവും ഉത്തമനാണല്ലോ. നീ അതിന്റെ വലിയ്യും മൗലയുമാണല്ലോ. അല്ലാഹുവേ, ഉപകാരപ്പെടാത്ത അറിവിൽനിന്നും ഭയപ്പെടാത്ത ഹൃദയത്തിൽനിന്നും (വിശപ്പുമാറി)നിറയാത്ത ശരീരത്തിൽ നിന്നും ഉത്തരം നൽകപ്പെടാത്ത ദുആഇൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു" (മുസ്‌ലിം).

ഇതുപോലെ ഭീരുത്വത്തിൽ നിന്നുള്ള രക്ഷക്കായി തിരുദൂതർﷺ പതിവാക്കിയിരുന്ന വേറെയും ദുആഉകൾ കാണുവാൻ സാധിക്കും. ഖലീഫ അബൂബക്കറിؓന്റ ധീരത പ്രസിദ്ധമാണ്. തിരുദൂതരുടെ ജീവിതകാലത്തും തിരുവിയോഗത്തിനു ശേഷം അദ്ദേഹം ഖിലാഫത്ത് ഏറ്റെടുത്ത നാളുകളിലും അദ്ദേഹമെടുത്ത ധീരമായ നിലപാടുകൾ ധാരാളമാണ്. മുഹമ്മദ് ഇബ്നു അക്വീൽؓ പറയുന്നു. ഒരിക്കൽ അലിയ്യ്ؓ പ്രസംഗിച്ചു:

'ജനങ്ങളേ, ആളുകളിൽ ആരാണ് ധീരനെന്ന് നിങ്ങൾ എന്നോട് പറഞ്ഞാലും.' അവർ പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ, ഞങ്ങളുടെ ഭാഷ്യത്തിൽ



അത് താങ്കളാണ്.' അദ്ദേഹം പറഞ്ഞു: 'ഞാൻ ആരോടും ദ്വന്ദയുദ്ധം നടത്തിയിട്ടില്ല; ഞാൻ അവനോട് പ്രതികാരം ചെയ്യാതെ. എന്നാലും ജനങ്ങളിൽ ആരാണ് ധീരൻ എന്ന് നിങ്ങൾ എന്നോട് പറഞ്ഞാലും.' അവർ പറഞ്ഞു: 'ഞങ്ങൾക്കറിയില്ല. ആരാണ്?' അദ്ദേഹം പറഞ്ഞു: 'അബൂബക്കറാണ്. ബദ്ർ യുദ്ധദിനം ഞങ്ങൾ അല്ലാഹുവിന്റെ തിരുദൂതന് ഒരു പന്തലുണ്ടാക്കി. ഞങ്ങൾ ചോദിച്ചു: മുശ്‌രിക്കുകളിൽ ഒരാളും അടുക്കാത്ത വിധം ആരാണ് തിരുനബിയോടൊപ്പം നിലയുറപ്പിക്കുക? അല്ലാഹുവാണേ ഞങ്ങളിൽ ഒരാളും അടുത്തുവന്നില്ല. എന്നാൽ അബൂബക്കർ ഉയർത്തിപ്പിടിച്ച വാളുമായി തിരുദൂതരുടെ തലക്കരികിൽ നിലയുറപ്പിച്ചു. തിരുമേനിയുടെ നേരെ ഒരാളും അടുത്തിട്ടില്ല; അബൂബക്കർ അവന്റെമേൽ ചാടി വീഴാതെ. അബൂബക്കറാണ് ആളുകളിൽ ഏറ്റവും ധീരൻ...' (മുസ്നദുൽ ബസ്സാർ. ഫദ്വാഇലുൽ ഖുലഫാഅ്, അബൂനുഐം).

നൂറുദ്ദീൻ സ്വലാഹി
noorudheenvettathur@gmail.com





# ശുക്റിന്റെ സുജൂദ്

മദീനയിലെ ഒരു ദിനം; റസൂൽﷺ തന്റെ വീട്ടിൽനിന്നും പുറത്തിറങ്ങി ദാനധർമ സ്വത്ത് (സ്വദക്വ)സൂക്ഷിക്കുന്ന ഭാഗത്തേക്ക് നടന്നു. ക്വിബ്‌ലയെ മുൻനിർത്തി പെട്ടെന്ന് പ്രവാചകൻ സുജൂദിൽ വീണു. ദീർഘമായി സുജൂദിൽ കിടന്ന ശേഷം അവിടുന്ന് തലയുയർത്തി കൂടെയുണ്ടായിരുന്ന അബ്ദുറഹ്മാൻ ഇബ്‌നു ഔഫി(റ)നോട് പറയുകയാണ്: 'ജിബ്‌രീൽ എന്റെ അരികിൽ വന്ന് ഒരു സന്തോഷവാർത്ത അറിയിച്ചു; അല്ലാഹു പറഞ്ഞിരിക്കുന്നു: ആരെങ്കിലും അങ്ങയുടെമേൽ സ്വലാത്ത് ചൊല്ലിയാൽ അവന്റെമേൽ ഞാനും സ്വലാത്ത് ചൊല്ലും, ആരെങ്കിലും അങ്ങയുടെമേൽ സലാം പറഞ്ഞാൽ അവന്റെ മേൽ ഞാനും സലാം പറയും' (അഹ്മദ്).

തന്നിലൂടെ സമുദായത്തിന് ലഭിച്ച ഈ വലിയ അനുഗ്രഹത്തിന് നന്ദി എന്നോണമാണ് പ്രവാചകൻﷺ സുജൂദിൽ വീണത്.



വിശ്വാസികളിൽ അധികമാളുകൾക്കും ഇന്ന് നഷ്ടപ്പെട്ടുപോകുന്ന ഒരു പ്രവാചകചര്യയാണ് ഈ ശുക്റിന്റെ (നന്ദിയുടെ) സുജൂദ്.

അബൂബക്ർ ﷺ നിവേദനം ചെയ്യുന്നു: 'ഒരു സന്തോഷവാർത്ത കിട്ടുകയോ താൻ നിയോഗിച്ച സൈന്യം അവരുടെ ശത്രുക്കൾക്കെതിരെ വിജയം കൈവരിച്ച വാർത്ത കേൾക്കുകയോ ചെയ്താൽ നബി ﷺ സുജൂദിൽ വീഴുമായിരുന്നു' (അഹ്മദ്, അബൂദാവൂദ്).

എപ്പോഴാണ് ഒരാൾ നന്ദിയുടെ സുജൂദ് ചെയ്യേണ്ടത് എന്ന് ഇബ്നുൽ ക്വയ്യിം(റഹി) വിവരിക്കുന്നത് നോക്കൂ: 'ഒരാളുടെ ജീവിതത്തിൽ രണ്ട് രൂപത്തിലാണ് അനുഗ്രഹങ്ങൾ ഉണ്ടാവുക. ഒന്ന്: സ്ഥിരമായി അനുഭവിക്കുന്നവ. അതിനു നന്ദി എന്നോണം അവൻ പതിവായി ഇബാദത്തുകളിൽ മുഴുകുന്നു. രണ്ട്: പെട്ടെന്ന് ഉണ്ടാകുന്ന അനുഗ്രഹങ്ങൾ, അതിന് നന്ദി എന്നോണം അവൻ സുജൂദ് ചെയ്യുന്നു' (ഇഅ്ലാമുൽ മുവക്കിഈൻ 1/579).

അഥവാ നമ്മുടെ ജീവിതത്തിലേക്ക് അപ്രതീക്ഷിതമായി ഒരു സന്തോഷം കടന്നുവരുമ്പോൾ അല്ലെങ്കിൽ ഒരു വിപത്ത് നീങ്ങിപ്പോയ വാർത്ത അറിയുമ്പോൾ അത് നമ്മുടെ ജീവിതത്തിൽ വിധിച്ച നാഥന് നാം തിരിച്ചു നൽകുന്ന നന്ദിയാണ് ഈ സുജൂദ്. ഇത്തരം ഘട്ടങ്ങളിൽ അവനിലേക്കാണല്ലോ ഒരു വിശ്വാസി കൂടുതൽ അടുക്കേണ്ടതും.

പക്ഷേ, ഇത്തരം സന്ദർഭങ്ങൾ ജീവിതത്തിൽ വരുമ്പോൾ അറിവില്ലായ്മ കൊണ്ടോ ആ നേരത്തെ അശ്രദ്ധമൂലമോ അധികമാളുകൾക്കും ഇത് നഷ്ടപ്പെടാറാണ് പതിവ്. ചിലരാണെങ്കിൽ അല്ലാഹു അല്ലാത്തവരിലേക്ക് നന്ദി സൂചകമായി വല്ലതും സമർപ്പിക്കുന്നു. അവർ എത്ര വലിയ അപരാധമാണ് ചെയ്യുന്നത്!

യമനിൽ നിന്നും അലി ﷺയുടെ കത്ത് മദീനയിൽ തിരുസവിധത്തിൽ ലഭിച്ചു. ഹമദാൻ ഗോത്രം ഒന്നടങ്കം ഇസ്‌ലാം സ്വീകരിച്ച സന്തോഷ വാർത്തയാണ് പ്രവാചകൻ അതിൽ വായിച്ചത്. ഉടനെ അവിടുന്ന് സുജൂദിൽ വീണു; ശേഷം തലയുയർത്തി ഹമദാൻ ഗോത്രത്തിന് അല്ലാഹുവിൽ നിന്നുള്ള സമാധാനം വർഷിക്കാൻ വേണ്ടി പ്രാർഥിച്ചു (അൽബിദായ).

നോക്കൂ! ജീവിതത്തിൽ വന്ന പരീക്ഷണങ്ങളിൽ അനിർവചനീയമായ ക്ഷമയിലൂടെ നാഥനിലേക്കടുത്ത പ്രവാചകൻ സന്തോഷങ്ങളിൽ ആത്മീയതയുടെ ഏറ്റവും മനോഹരമായ രൂപം സ്രഷ്ടാവിന്റെ മുന്നിൽ സമർപ്പിക്കുന്നു!

പ്രവാചക വിയോഗാനന്തരം സ്വഹാബികൾ അഭിമുഖീകരിച്ച കുഴപ്പമായിരുന്നല്ലോ മുസൈലിമത്തുൽ കദ്ദാബിന്റെ രംഗപ്രവേശം. അയാൾ കൊല്ലപ്പെട്ടു എന്ന വാർത്ത മദീനയിൽ അമീറുൽ മുഅ്മിനീൻ അബൂബക്ർ ﷺ അറിഞ്ഞപ്പോൾ അദ്ദേഹം സുജൂദിൽ വീണു (സാദുൽ മആദ്).

കഅ്ബ് ഇബ്നു മാലികി ﷺന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിച്ചു എന്ന വാർത്ത അദ്ദേഹം അറിഞ്ഞപ്പോൾ നന്ദിസൂചകമായി സുജൂദിൽ വീണു (ബുഖാരി).

അമവീ ഭരണകാലഘട്ടത്തിൽ അഹ്ലുസ്സുന്നയുടെ പണ്ഡിതന്മാരെ അങ്ങേയറ്റം ഉപദ്രവിച്ച ഭരണാധികാരിയായിരുന്നു ഹജ്ജാജ് ഇബ്നു യൂസുഫ്. ഹസനുൽ ബസ്വരി(റഹി)ക്ക് അദ്ദേഹത്തിൽനിന്നും രക്ഷനേടാൻ ഒളിവിൽ താമസിക്കേണ്ടി വന്നിട്ടുണ്ട്. ഹജ്ജാജിന്റെ മരണവാർത്ത അറിഞ്ഞപ്പോൾ ആ താബിഈ പണ്ഡിതവര്യൻ സുജൂദിൽ വീണ് സൂറത്തു ഇബ്റാഹീമിലെ അഞ്ചാം സൂക്തത്തിലെ അവസാനഭാഗം പരായണം ചെയ്തുവത്രെ.

"...തികഞ്ഞ ക്ഷമാശീലമുള്ളവരും ഏറെ നന്ദിയുള്ളവരുമായ എല്ലാവർക്കും അതിൽ ദൃഷ്ടാന്തങ്ങളുണ്ട്, തീർച്ച" (14:5).

എങ്ങനെയാണ് ശുക്റിന്റെ സുജൂദ്? സാധാരണ നമസ്കാരത്തിലുള്ളത് പോലുള്ള ഒരു സുജൂദ് ചെയ്യുക. എന്താണോ സുജൂദിൽ ചൊല്ലാറുള്ളത് അത് ചൊല്ലാം. വുദൂഅ് ഉണ്ടായിയിരിക്കണമെന്ന് നിർബന്ധവുമില്ല.

എങ്കിൽ ജീവിതത്തിൽ ഇത്തരം സന്ദർഭങ്ങൾ വന്നണയുമ്പോൾ നാഥന്റെ മുന്നിൽ വിനയവും താഴ്മയും പ്രകടിപ്പിക്കാൻ നമുക്കു സാധിക്കണം. അല്ലാഹു അനുഗ്രഹിക്കട്ടെ.

മുനവ്വർ ഫൈറൂസ്
munavvarfairooz1@gmail.com



# എല്ലാം അറിയുന്നവനും അൽപം മാത്രം അറിയുന്നവരും

മനുഷ്യരായ നാം ഈ ഭൂമിയിൽ പിറന്നുവീണത് യാതൊന്നും അറിയാത്തവരായിക്കൊണ്ടാണ്. അല്ലാഹു പറയുന്നു:

“നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽനിന്ന് നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്ത് കൊണ്ടുവന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരായിരിക്കാൻ വേണ്ടി” (ക്വുർആൻ 16:78).

കേൾവിയുടെയും കാഴ്ചയുടെയും അനുഭവങ്ങളുടെയും പഠനത്തിന്റെയും ഗവേഷണ- നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ മനുഷ്യൻ പല കാര്യങ്ങളും മനസ്സിലാക്കുന്നു. ഇന്നലെവരെ അറിയാത്ത ഒരു കാര്യം നാം

ഇന്ന് അറിയുന്നു. ഇതുവരെ നാം ശരിയെന്ന് ധരിച്ച പലതും തെറ്റാണെന്ന് പഠനങ്ങൾ നമ്മെ അറിയിക്കുന്നു. ഇന്നുവരെ തെറ്റെന്ന് ധരിച്ച പലതും ശരിയാണെന്നും പിന്നീട് നമുക്ക് ബോധ്യമാകുന്നു. വിജ്ഞാനത്തിന്റെ ആഴങ്ങളിലേക്ക് ഊളിയിട്ടിറങ്ങിയ, അറിവിന്റെ വ്യത്യസ്തമായ സോപാനങ്ങൾ കയറിയിറങ്ങിയ വലിയ പണ്ഡിതന്മാർ ലോകത്ത് ജീവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ശാസ്ത്രത്തിന്റെ ഉന്നതങ്ങളിൽ എത്തിപ്പിടിച്ച വലിയ അറിവാളന്മാർ ലോകത്ത് ജീവിച്ചുമരിച്ചിട്ടുണ്ട്. എന്നാൽ എത്ര വലിയ അറിവ് നേടിയവരും സമ്മതിക്കുന്ന ഒരു കാര്യമാണ് തങ്ങൾ അറിഞ്ഞതിനെക്കാളും എത്രയോ കാര്യങ്ങൾ അറിയാത്തതായി ഉണ്ട് എന്ന്. താൻ മനസ്സിലാക്കാത്ത കോടാനുകോടി കാര്യങ്ങൾ ഈ ലോകത്തുണ്ട് എന്നത് ഏതൊരു പണ്ഡിതനും അംഗീകരിക്കുന്ന കാര്യമാണ്.

എന്നാൽ മനുഷ്യരുടെ സൃഷ്ടികർത്താവായ അല്ലാഹുവിന്റെ പ്രത്യേകത അവന്റെ അറിവ് വിശാലമാണ് എന്നതാണ്. അതിന് പരിധിയും പരിമിതിയുമില്ല. അല്ലാഹു പറഞ്ഞു:

“നിങ്ങളുടെ ദൈവം അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവന്റെ അറിവ് എല്ലാകാര്യത്തെയും ഉൾകൊള്ളാൻ മാത്രം വിശാലമായിരിക്കുന്നു” (ക്വുർആൻ 20:98).


നമുക്ക് രഹസ്യമായതും പരസ്യമായതും, ദൃശ്യമായതും അദൃശ്യമായതും എല്ലാം അല്ലാഹു അറിയുന്നുണ്ട്. രാത്രിയുടെ ഇരുട്ടിൽ നടക്കുന്ന കാര്യങ്ങളും പകലിന്റെ വെളിച്ചത്തിൽ നടക്കുന്ന കാര്യങ്ങളുമെല്ലാം അവനെ സംബന്ധിച്ച് ഒരുപോലെയാണ്. ഇന്നലെകളിൽ നടന്നതും ഇന്ന് നടന്നു കൊണ്ടിരിക്കുന്നതും ഭാവിയിൽ നടക്കാനിരിക്കുന്നതും ലോകത്ത് സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതും സംഭവിക്കാനിരിക്കുന്നതുമായ സകല കാര്യങ്ങളും അവൻ അറിയാതെപോകുന്നില്ല. എല്ലാ കാര്യങ്ങളെ സംബന്ധിച്ചും, എല്ലാ സൃഷ്ടികളെ പറ്റിയും സൂക്ഷ്മവും കൃത്യവും വ്യക്തവുമായി അറിയുന്നവനാണ് അല്ലാഹു.

“അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല” (ക്വുർആൻ 6:59).

കടലിലും കരയിലും നടക്കുന്ന എല്ലാം അല്ലാഹു അറിയുന്നു. മറ്റാർക്കാണത് അറിയാൻ സാധിക്കുക? കടലിലെ തിരമാലകളുടെ എണ്ണവും കടൽത്തീരത്തെ മണൽതരികളുടെ കണക്കും സാഗരങ്ങളിൽ നീന്തിതുടിക്കുന്ന മത്സ്യങ്ങളുടെ എണ്ണവും മാത്രമല്ല; അവയുടെ അവസ്ഥകളും അവൻ അറിയുന്നു. ലോകത്തെ കോടാനുകോടി വൃക്ഷങ്ങളിലെ ഏതെങ്കിലും ഒരു വൃക്ഷത്തിൽ നിന്ന് ഒരു ഇല കൊഴിഞ്ഞു വീഴുന്നുണ്ടെങ്കിൽ അതുപോലും അവനറിയാതെ നടക്കുന്നില്ല. വനാന്തരങ്ങളിലെ നിഗൂഢ രഹസ്യങ്ങളും സമുദ്രാന്തർഭാഗങ്ങളിലെ അവസ്ഥകളും അവൻ അറിയുന്നു. ഹൃദയങ്ങൾ ഒളിച്ചുവെക്കുന്ന രഹസ്യങ്ങൾ പോലും അവൻ അറിയുന്നു.

“കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങൾ മറച്ചുവെക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു” (ക്വുർആൻ 40:19).

“ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻ അറിയുന്നു. നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും



അവൻ അറിയുന്നു. അല്ലാഹു ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു" (ക്വുർആൻ 64:4).

'കണ്ണിൽ കാണാത്തതും ക്വൽബകത്തുള്ളതും കൺകൊണ്ട് കണ്ടപോൽ കാട്ടിപ്പറയുന്ന' ഖോജമാരെ പരിചയപ്പെടുത്തുന്ന കെട്ടുകഥകളും കെട്ടുപാട്ടുകളും ഇസ്‌ലാമിന് അന്യമാണ്. എത്ര വലിയ ജ്ഞാനിയും മുത്തകിയുമാണെങ്കിലും അയാൾക്ക് എല്ലാകാര്യങ്ങളും അറിയാനുള്ള കഴിവുണ്ടാകില്ല എന്ന വസ്തുത ബുദ്ധിയും ചിന്തയുമുള്ള ഏതൊരാൾക്കുമറിയാവുന്ന കാര്യമാണ്. തങ്ങൾക്ക് വരാനിരിക്കുന്ന രോഗങ്ങളെപ്പറ്റിയും അപകടങ്ങളെ സംബന്ധിച്ചും അറിയാത്ത ആളുകളാണ് ആൾദൈവങ്ങളും സിദ്ധന്മാരുമായി വിലസുന്നവരെല്ലാം എന്ന കാര്യം വർത്തമാനകാല സംഭവങ്ങളിൽനിന്നുതന്നെ നാം മനസ്സിലാക്കുന്നു. 'ആൾദൈവങ്ങൾ' എന്തിനാണ് ബഹുഭാഷാ പണ്ഡിതന്മാരെ കൂടെ കൊണ്ടുനടക്കുന്നത്? അവർക്ക് എല്ലാം അറിയാമെങ്കിൽ കൂടെ ബഹുഭാഷാ പണ്ഡിതന്മാരുടെ ആവശ്യമെന്ത്? സകല രോഗങ്ങൾക്കും പ്രശ്നങ്ങൾക്കും ശാന്തി നൽകുന്നവർ സ്വന്തമായി ആശുപത്രികൾ നടത്തുന്നതും തങ്ങൾക്ക് രോഗം വന്നാൽ ഏറ്റവും മുന്തിയ ആശുപത്രിയിൽ പോകുന്നതും വിരോധാഭാസമല്ലേ?



മനുഷ്യൻ നിസ്സാരനാണെന്നും അവന്റെ അറിവിനും കഴിവിനും പരിമിതിയുണ്ടെന്നും നാം മനസ്സിലാക്കുക. അല്ലാഹു പറയുന്നു:

"അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല" (ക്വുർആൻ 17:85).

എന്നാൽ സ്രഷ്ടാവ് അങ്ങനെയല്ല. അവൻ ഒരു നിലയ്ക്കും സൃഷ്ടികളെ പോലെയല്ല. ഒരു മനുഷ്യൻ ജനിക്കുന്നതിനു മുമ്പ് തന്നെ അവൻ ആരായിത്തീരുമെന്നും അവന്റെ ജീവിതത്തിൽ എന്തെല്ലാം സംഭവിക്കുമെന്നും അവൻ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുമെന്നും അവനെ എന്തെല്ലാം ദുരന്തങ്ങൾ ബാധിക്കുമെന്നും അല്ലാഹു അറിയുന്നു. ഇത് മനുഷ്യന്റെ വിഷയത്തിൽ പരിമിതമല്ല. ഈ പ്രപഞ്ചത്തിലെ കോടിക്കണക്കിന് നക്ഷത്രങ്ങളെ പറ്റിയും ഗ്രഹങ്ങളെ പറ്റിയും അവയിലെ വസ്തുക്കളെ പറ്റിയും തുടങ്ങി സൂക്ഷ്മവും സ്ഥൂലവുമായ എല്ലാമെല്ലാം അവൻ അറിയും. അവൻ അറിയാത്ത യാതൊന്നുമില്ല.

"ഭൂമിയിൽ പ്രവേശിക്കുന്നതും അതിൽ നിന്ന് പുറത്തു വരുന്നതും, ആകാശത്തുനിന്ന് ഇറങ്ങുന്നതും അതിലേക്ക് കയറിച്ചെല്ലുന്നതും അവൻ അറിഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങൾ എവിടെയായിരുന്നാലും (അവന്റെ അറിവുകൊണ്ടും, കഴിവുകൊണ്ടും) അവൻ നിങ്ങളുടെ കൂടെയുണ്ട് താനും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു" (ക്വുർആൻ 57:4).

"ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരു കാര്യവും അല്ലാഹുവിന്ന് അവ്യക്തമായിപ്പോകുകയില്ല; തീർച്ച" (ക്വുർആൻ 3:5).

രാത്രിയുടെ ഇരുളിൽ ചെയ്യുന്ന തെറ്റുകളും, ആരും കാണാതെ മോഷ്ടിക്കുന്നതും, കച്ചവടത്തിൽ കള്ളത്തരം കാട്ടുന്നതും, വസ്തുക്കളിൽ മായം ചേർക്കുന്നതും, മാതാപിതാക്കളെ ഉപദ്രവിക്കുന്നതും, ഭർത്താവിനെ വഞ്ചിക്കുന്നതും, ഭാര്യയെ ചതിക്കുന്നതും, അയൽവാസിയെ ഉപദ്രവിക്കുന്നതും എല്ലാം സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹു അറിയുന്നു എന്ന് മനസ്സിലാക്കുന്ന മനുഷ്യന്റെ ജീവിതത്തിൽ സൂക്ഷ്മതയും ഭയഭക്തിയും കൈവരുമെന്നതിൽ സംശയമില്ല.

അല്ലാഹു എല്ലാം അറിയുന്നു എന്ന് ഉറച്ചു വിശ്വസിക്കുന്ന ഒരാൾക്ക് രഹസ്യമായോ പരസ്യമായോ തിന്മകൾ ചെയ്യാൻ സാധിക്കുകയില്ല. വല്ല അബദ്ധവും പറ്റിപ്പോയാൽ തന്നെ അവൻ അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യും. അവൻ നന്മ നിറഞ്ഞ ജീവിതം മാത്രമെ നയിക്കുകയുള്ളൂ. 'എന്റെ റബ്ബ് എന്റെ മനസ്സിന്റെ വികാര-വിചാരങ്ങളും വ്യസനങ്ങളും ആവശ്യങ്ങളും കൃത്യമായി അറിയുന്നവനാണ്' എന്ന ബോധത്തോടുകൂടി അവൻ അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുകയും എല്ലാം അവനിൽ ഏൽപിക്കുകയും ചെയ്യും.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 176

**ഒന്നാം സമ്മാനം:**
Shabnam P W/o Lukman T.K Thorakkattil (H) Velliyanchery, Malappuram

**രണ്ടാം സമ്മാനം:**
Jabir VM, Velliyil House, Palluruthy Cochin - 6

**മൂന്നാം സമ്മാനം:**
Shahla Thachu paramban, Jizan, Saudi Arabia

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 64, ഭാഗം: 1

# തഗാബുൻ (നഷ്ടം വെളിപ്പെടൽ)

(മദീനയിൽ അവതരിച്ചത്)

1. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹുവെ പ്രകീർത്തിക്കുന്നു. അവന്നാണ് ആധിപത്യം. അവന്നാണ് സ്തുതി. അവൻ ഏതുകാര്യത്തിനും കഴിവുള്ളവനാകുന്നു.
2. അവനാണ് നിങ്ങളെ സൃഷ്ടിച്ചവൻ. എന്നിട്ട് നിങ്ങളുടെ കൂട്ടത്തിൽ സത്യനിഷേധിയുണ്ട്. നിങ്ങളുടെ കൂട്ടത്തിൽ വിശ്വാസിയുമുണ്ട്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി കണ്ടറിയുന്നവനാകുന്നു.
3. ആകാശങ്ങളും ഭൂമിയും അവൻ മുറപ്രകാരം സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്കവൻ രൂപം നൽകുകയും നിങ്ങളുടെ രൂപങ്ങൾ അവൻ നന്നാക്കുകയും ചെയ്തിരിക്കുന്നു. അവങ്കലേക്കാകുന്നു തിരിച്ചുപോക്ക്.
4. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവൻ അറിയുന്നു. നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അവൻ അറിയുന്നു. അല്ലാഹു ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു.
5. മുമ്പ് അവിശ്വസിച്ചവരുടെ വൃത്താന്തം നിങ്ങൾക്കു വന്നുകിട്ടിയിട്ടില്ലേ? അങ്ങനെ അവരുടെ നിലപാടിന്റെ ഭവിഷ്യത്ത് അവർ അനുഭവിച്ചു. അവർക്കു (പരലോകത്ത്) വേദനയേറിയ ശിക്ഷയുമുണ്ട്.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ
يُسَبِّحُ لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ ۖ لَهُ
ٱلْمُلْكُ وَلَهُ ٱلْحَمْدُ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ
﴿١﴾ هُوَ ٱلَّذِى خَلَقَكُمْ فَمِنكُمْ كَافِرٌ
وَمِنكُم مُّؤْمِنٌ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٢﴾
خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ وَصَوَّرَكُمْ
فَأَحْسَنَ صُوَرَكُمْ ۖ وَإِلَيْهِ ٱلْمَصِيرُ ﴿٣﴾ يَعْلَمُ مَا
فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَيَعْلَمُ مَا تُسِرُّونَ وَمَا
تُعْلِنُونَ ۚ وَٱللَّهُ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٤﴾ أَلَمْ
يَأْتِكُمْ نَبَؤُا۟ ٱلَّذِينَ كَفَرُوا۟ مِن قَبْلُ فَذَاقُوا۟ وَبَالَ
أَمْرِهِمْ وَلَهُمْ عَذَابٌ أَلِيمٌ ﴿٥﴾

1). ഈ പരിശുദ്ധ വചനങ്ങൾ മഹാനായ സ്രഷ്ടാവിന്റെ വിശാലമായ ഒട്ടേറെ വിശേഷണങ്ങൾ ഉൾക്കൊള്ളുന്നതാണ്. പരിശുദ്ധനായവന്റെ ആരാധ്യതയുടെ പൂർണതയെക്കുറിച്ചും ഐശ്വര്യത്തിന്റെ വിശാലതയെക്കുറിച്ചും എല്ലാ സൃഷ്ടികൾക്കും അവനിലേക്കുള്ള ആവശ്യകതയെക്കുറിച്ചും പരാമർശിക്കുന്നു. തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം ആകാശ ഭൂമികളിലുള്ളവയെല്ലാം അവനെ പ്രകീർത്തിക്കുകയും ചെയ്യുന്നു. ആധിപത്യമെല്ലാം അല്ലാഹുവിനുള്ളതാണ്. അവന്റെ പരിപൂർണ വിശേഷണങ്ങളിൽ സ്തുതി. അവനുണ്ടാക്കിയ വസ്തുക്കളുടെ മേലും അവന് സ്തുതി. അവൻ തന്ന അനുഗ്രഹങ്ങൾക്കും അവൻ നിയമമാക്കിയ മതവിധികൾക്കും അവന് സ്തുതി. അവന്റെ കഴിവ് സമ്പൂർണമാണ്. ഒന്നും അതിൽ നിന്ന് പുറത്തല്ല. അവനുദ്ദേശിക്കുന്ന ഒരു കാര്യത്തിലും അവൻ അശക്തനാകുകയില്ല.

2). അല്ലാഹു പറയുന്നു: അവനാണ് മനുഷ്യരെ സൃഷ്ടിച്ചത്. അവരിൽ നിന്ന് വിശ്വാസിയെയും അവിശ്വാസിയെയും അവനുണ്ടാക്കി. അവരുടെ വിശ്വാസവും അവിശ്വാസവുമെല്ലാം തന്നെ അല്ലാഹുവിന്റെ വിധി നിർണയമനുസരിച്ചാണ്. അവരിൽ നിന്നും അവനുദ്ദേശിച്ചവർക്ക് അവന്റെ കൽപനാവിരോധങ്ങളിൽ നിന്ന് അവരുദ്ദേശിക്കുന്നത് ചെയ്യാൻ സൗകര്യപ്പെടുന്ന വിധം ഉദ്ദേശ്യശക്തിയും കഴിവും അവർക്കവൻ ഏർപ്പെടുത്തി. (നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു).

3). വിധിവിലക്കുകൾ ബാധകമാകുന്ന മനുഷ്യന്റെ സൃഷ്ടിപ്പിനെക്കുറിച്ച് പറഞ്ഞപ്പോൾ തന്നെ മറ്റു സൃഷ്ടികളെക്കുറിച്ച് അല്ലാഹു പറയുന്നു (ആകാശങ്ങളെയും ഭൂമിയെയും അവൻ സൃഷ്ടിച്ചിരിക്കുന്നു). അതിന്റെ രണ്ടിന്റെയും ആകാരരൂപത്തെയും അവ രണ്ടിലുമുള്ള സർവതിനെയും അതിന്റെ സൃഷ്ടിപ്പിനെയും അവൻ നന്നാക്കുകയും ചെയ്തു. (മുറപ്രകാരം) അല്ലാഹുവിന്റെ ഉദ്ദേശ്യലക്ഷ്യമനുസരിച്ചും യുക്തിഭദ്രമായും.

(നിങ്ങൾക്കവൻ രൂപം നൽകുകയും നിങ്ങളുടെ രൂപങ്ങൾ അവൻ നന്നാക്കുകയും ചെയ്തു). മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

لَقَدْ خَلَقْنَا ٱلْإِنسَٰنَ فِىٓ أَحْسَنِ تَقْوِيمٍ

"തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു" (95:14).

അപ്പോൾ രൂപത്തിൽ സൃഷ്ടികളിൽ ഏറ്റവും നല്ലത് മനുഷ്യനാണ്. കാഴ്ചയിൽ ഏറ്റവും സുന്ദരനും.

(അവങ്കലേക്കാകുന്നു തിരിച്ചുപോക്ക്). അതായത് അന്ത്യനാളിൽ- ഉയിർത്തെഴുന്നേൽപുനാളിലുള്ള മടക്കം. അന്ന് അവൻ നിങ്ങളുടെ വിശ്വാസത്തിനും അവിശ്വാസത്തിനും പ്രതിഫലം നൽകും. അവിടെ വെച്ച് നിങ്ങൾക്ക് പ്രത്യേകം നൽകിയ അനുഗ്രഹങ്ങളെയും സുഖങ്ങളെയും കുറിച്ചവൻ ചോദ്യം ചെയ്യും; നിങ്ങൾ അവന് ശരിയായ വിധം നന്ദി ചെയ്തോ ഇല്ലയോ എന്ന്.



4). തുടർന്ന് അവന്റെ അറിവിന്റെ സമഗ്രതയെ കുറിച്ചാണ് പറയുന്നത്. (ആകാശത്തിലുള്ളതും ഭൂമിയിലുള്ളതും അവൻ അറിയുന്നു). അതായത് രഹസ്യ,പരസ്യങ്ങളും ദൃശ്യ,അദൃശ്യങ്ങളും. (നിങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അവൻ അറിയുന്നു. അല്ലാഹു ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു). ഹൃദയങ്ങളിലുള്ള രഹസ്യങ്ങളും നല്ലതും ചീത്തയുമായ ഉദ്ദേശ്യങ്ങളും. അവൻ ഹൃദയത്തിലുള്ളത് അറിയുന്നവനാണ് എന്നത് ഉൾക്കാഴ്ചയുള്ള ബുദ്ധിമാന്മാർക്ക് മോശമായ സ്വഭാവങ്ങൾ തന്റെയുള്ളിലുണ്ടാകുന്നതിനെ സൂക്ഷിക്കാനും മനോഹരമായ സ്വഭാവങ്ങളെ സ്വീകരിക്കാനും സഹായിക്കുന്നു.

5). അറിയുകയും ആരാധിക്കുകയും അവന്റെ തൃപ്തിക്കായി പരിശ്രമിക്കുകയും അവന്റെ കോപങ്ങളെ ഉപേക്ഷിക്കുകയും ചെയ്യാൻ ഉതകുന്നു അവന്റെ മഹത്തായ സമ്പൂർണ വിശേഷണങ്ങളെക്കുറിച്ചുള്ള പരാമർശം. ആ സന്ദർഭത്തിൽ അവനുണർത്തുന്നത് കഴിഞ്ഞ നൂറ്റാണ്ടുകളിൽ കടന്നുപോയ പൂർവ സമുദായങ്ങളുടെ ചെയ്തികളാണ്. പിൽക്കാലക്കാർ അവരെക്കുറിച്ച് സംസാരിച്ചുകൊണ്ടേയിരിക്കും. സത്യസന്ധർ അതിനെക്കുറിച്ച് പറഞ്ഞുതരുന്നു. സത്യവുമായി അവർക്ക് ദൂതന്മാർ വന്നപ്പോൾ അവർ അവരെ വ്യാജമാക്കി. അനുസരണക്കേട് കാണിച്ചു. അപ്പോൾ ഇഹലോകത്ത് അവരുടെ നിലപാടിന്റെ ഭവിഷ്യത്ത് അവരെ അവൻ അനുഭവിപ്പിച്ചു. ഇവിടെ അവരെ നിന്ദ്യരാക്കി. (അവർക്ക് വേദനയേറിയ ശിക്ഷയുമുണ്ട്) പരലോകത്ത്.

പി.എൻ. അബ്ദുല്ലത്വീഫ് മദനി
pnmadani@gmail.com

# ചിതലെടുക്കുന്ന പ്രവാസപ്പെരുമ

ഒരുകാലത്ത് എവിടെയും പ്രവാസി പെരുമയുടെ പെരുമ്പറയായിരുന്നു. രാഷ്ട്രീയക്കാർ, മതസംഘടനകൾ, സാമൂഹ്യ രംഗത്തുള്ളവർ, എഴുതിപ്പിടിപ്പിക്കുന്നവർ വരെ ആയുഷ്കാലത്തിലൊരിക്കലെങ്കിലും പ്രവാസലോകത്തെത്തി മാലചാർത്താൻ കഴുത്തു നീട്ടിക്കൊടുക്കുന്ന കാഴ്ച സർവത്ര കാണാറുണ്ടായിരുന്നു. പ്രളയകാലത്തെ വലിയ ഒരു വേവലാതിയായിരുന്നു പ്രവാസലോകത്തേക്കു കേറാൻ വരിനിന്ന മന്ത്രിമാരിൽനിന്ന് കേന്ദ്രം മുഖ്യനെ മാത്രം പെറുക്കിയെടുത്തു വിമാനം കയറ്റി മറ്റുള്ളവരെ വീട്ടിലേക്കു തന്നെ പറഞ്ഞു വിട്ട സംഭവം. അങ്ങനെ പ്രവാസിയുടെ കഴുത്തിൽ കുടുങ്ങാത്ത വിവാദങ്ങളുടെ നൂലിഴകൾ വളരെ വിരളം.

ഓർക്കാപ്പുറത്ത് അശനിപാതം പോലെ വന്നെത്തിയ കൊറോണ വൈറസും പ്രവാസിയെ വിവാദ പുരുഷനാക്കിയിരിക്കുകയാണ്. എന്തെല്ലാം സന്ദേഹങ്ങളാണിപ്പോൾ രംഗത്തുള്ളത്! ജോലിചെയ്യുന്ന വിദേശ നാട്ടിൽ പൂരം കഴിഞ്ഞു പന്തൽ പൊളിച്ചു തുടങ്ങി. അന്തിവെട്ടത്തിലും മന്ത്രിസഭകൾ കൂടി തൊഴിലറുക്കൽ (തൊഴിലുറപ്പല്ല) പദ്ധതി കാര്യമായി ചർച്ചചെയ്തു തുടങ്ങി. തൊഴിലുടമകൾക്ക് സഹായകമാകുന്ന പല തൊഴിൽ നിയമ പരിഷ്കരണങ്ങളും വരാൻ പോകുന്നു. മാസങ്ങളായി കൊറോണ കാവൽ നിൽക്കുന്ന ജയിലറകളിൽ തൊഴിലോ വേതനമോ ഇല്ലാതെ ചുരുണ്ടുകൂടിക്കിടക്കുന്ന ഈ പ്രവാസക്കാരൻ പൂർവപിതാക്കളുടെ സൽകർമങ്ങൾ കൊണ്ടെങ്കിലും ഒരു ദിവസം എന്നെ നാട്ടിലേക്കു വിളിച്ചിറക്കി കൊണ്ടുപോകുമെന്ന് വിചാരിച്ചു പഴന്തുണിക്കളൊക്കെ ഒതുക്കിവെക്കുമ്പോഴാണ്, നാട്ടിലെത്തുമ്പോൾ കേറിക്കിടക്കേണ്ട കാറന്റൈൻ കട്ടിലിന്നും ക്ഷുത്തടക്കാൻ ഒരുപിടി ചോറിനും പണമുണ്ടാക്കേണ്ട ഗതികേട് വന്നുപെട്ടിരിക്കുന്നത്. കുനിഞ്ഞു നിൽക്കുമ്പോൾ മുതുകിന്നു ചവിട്ടുന്ന ക്രൂരത! എരിതീയിൽ നിന്നു വറചട്ടിയിലേക്ക് എന്ന് പറഞ്ഞ പോലെ പ്രവാസിയെ നൊമ്പരപ്പെടുത്തുന്ന വാർത്തകൾ ഇടക്കിടെ വരുന്നതുകൊണ്ട് ആരും അലമുറയിടുന്നില്ല.

അൽപം സാമ്പത്തിക ആശ്വാസമുള്ള പ്രവാസി ഇപ്പോൾ തന്നെ സൗകര്യങ്ങൾ പണം കൊടുത്തു വാങ്ങി കരുതൽ താമസങ്ങളിൽ പോകുന്നുണ്ട്. പിന്നെ ശരാശരി വരുമാനക്കാർ മുതൽ താഴോട്ടുള്ളവരുടെ കീശയിൽ തപ്പാൻ ഇപ്പോൾ ഒരുമ്പെടുന്നത് സമ്മതിച്ചുകൊടുക്കാനാവില്ല. പാവപ്പെട്ടവൻ പേടിക്കേണ്ട എന്ന് വിവാദത്തെ തണുപ്പിക്കാൻ പറയുന്നുണ്ടെങ്കിലും ആ പാവപ്പെട്ടവനെ മാർക്ക് ചെയ്യാൻ മാനദണ്ഡമെന്താണ്?

ഗൾഫിൽ സ്വന്തം കാശു മുടക്കി ടിക്കറ്റെടുത്തു നാട്ടിലേക്കു വരാൻ രോഗികളും പ്രായംചെന്നവരും ഗർഭിണികളും കാത്തിരിപ്പാണ്. പക്ഷേ, പറക്കാൻ ചിറകില്ല. അവർ കൂട്ടത്തോടെ വന്നാൽ നാം കെട്ടിപ്പൊക്കിയ അന്താരാഷ്ട്ര ഇമേജ് ചിറപൊട്ടിച്ചൊഴുകുമോ എന്നാരോ ഭയപ്പെടുന്ന പോലെ! ഒരുകൂട്ടർ കേന്ദ്രത്തെ കുറ്റം പറയുന്നു, കേന്ദ്രം സംസ്ഥാനത്തിന്റെ ഇച്ഛാശക്തിയില്ലായ്മയെന്ന് പുലമ്പുന്നു. ഇതിന്നിടയിൽ ഗർഭിണികൾ പോലും മരിച്ചുവീഴുന്നു. ഈ ഹതഭാഗ്യരെ നാട്ടിലെത്തിക്കാൻ വിമാനം വേണം. വലിയ വിമാനം വരാൻ വാമപ്പ് തുടങ്ങിയപ്പോൾ ഉടനെവന്നു കുതികാൽ വെട്ട്! മുതുകാടിന്റെ മാന്ത്രികം പോലെ മുന്നൂറിന്റെ വിമാനം പെട്ടെന്നു അട്ടയെപ്പോലെ ചെറുതാവുന്നു!

വൈദ്യസഹായത്തിന്റെ കാര്യത്തിൽ ഗൾഫ് സർക്കാരുകൾ പരമാവധി സേവനങ്ങൾ ചെയ്യുന്നു. എന്നാൽ രോഗികളുടെ ആധിക്യം അവരുടെ പരിമിതികൾക്കും അപ്പുറത്താണ്. ദിനേനയെന്നോണം രോഗികൾ കൂടുന്നു. അതിൽ വലിയ ഒരു ഭാഗം ഇന്ത്യക്കാരാണ്. നാട്ടിലുള്ളവർക്കു മുമ്പിൽ തുറന്നുവെക്കാൻ പറ്റാത്ത ഗൾഫിലെ പ്രവാസിയുടെ ജീവിത സാഹചര്യങ്ങളാണ് രോഗപ്പകർച്ചക്കു ഇത്രയധികം ആക്കം കൂട്ടുന്നത്. ശവക്കുഴിയിൽ പോലും ഒന്ന് ചെരിഞ്ഞു കിടക്കാൻ സൗകര്യപ്പെടുമ്പോൾ തൊഴിലാളിക്ക്യാമ്പുകളിലെ ശയനമുറികൾ ഒന്ന് കാണേണ്ടതാണ്.

രോഗം വരുമെന്ന് ഭയമുള്ളവരോ രോഗലക്ഷണമുള്ളവരോ നാട്ടിലേക്കു വരണമെന്ന് കൊതിക്കുന്നു. തൊണ്ടുപൊട്ടിച്ചെങ്കിലും ഒരുക്കൂട്ടിയ നാണയത്തുട്ടുകൾകൊണ്ട് ടിക്കറ്റെടുക്കാനും തയ്യാറാണ്. എന്നാൽ പറക്കാനുള്ള വാഹനം ഏതോ ചുഴിയിൽ പെട്ട് ഗൾഫിലെത്തുന്നില്ല.

ഇനിയും രാജാവിന്റെ കഥപറഞ്ഞു കുട്ടികളെ ഉറക്കുന്നതുപോലെ പ്രവാസികളെ ഉറക്കിക്കിടത്താൻ കഴിയുമെന്ന് തോന്നുന്നില്ല. സർക്കാരും പ്രതിപക്ഷവും സഹകരിച്ചു നെടുന്തൂൺ സർക്കാരിൽ സമ്മർദം ചെലുത്തി പ്രവാസിയുടെ പ്രയാസങ്ങൾ പരിഹരിക്കണം.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം.


# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.




Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JUNE 06

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

/greenvalleycampus

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600
greenvalleyinstitutions@gmail.com

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**